**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

1. റിപ്പോർട്ട് പരിഗണന

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. പ്രമോദ് നാരായൺ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം

ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ഡി. പ്രസേനൻ ഇവിടെ അവതരണാനുമതിക്ക് അനുമതി തേടിയിട്ടുള്ള 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബില്ലുമായി ബന്ധപ്പെട്ട് ഗവൺമെന്റെടുത്ത നിലപാടുകളുണ്ട്. നമ്മുടെ നാടിന്റെ നവോത്ഥാന മൂല്യങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സമൂഹത്തിൽ ശാസ്ത്രബോധവും യുക്തിബോധവും വളർത്തി നമ്മുടെ ജനതയ്ക്കിടയിൽ ശാസ്ത്രീയ ചിന്തയും യുക്തി ചിന്തയും പരിപോഷിപ്പിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ മൗലികമായ കടമ സർക്കാർ നിർവ്വഹിക്കുകയാണ്. അതോടൊപ്പംതന്നെ നമ്മുടെ മാനവിക സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും അതിന്റെ പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിലെ എല്ലാ വിഭാഗങ്ങളിലും എത്തിക്കാനുംവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ചെയ്തുവരുന്നത്. അതോടൊപ്പം മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ

മുൻനിർത്തി അന്ധവിശ്വാസങ്ങളുടെ പേരിലുള്ള ചൂഷണങ്ങളും അതിക്രമങ്ങളും നിയന്ത്രിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമെല്ലാം വലിയ രീതിയിൽ പ്രചരിപ്പിക്കാനും നടപ്പിലാക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ തടയാൻവേണ്ടിയുള്ള ഫലപ്രദമായ ഇടപെടൽ തീർച്ചയായും നടത്തണം. അതുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നതും. അതുകൊണ്ട് ' The Kerala Prevention and Eradication of Inhuman Evil Practices, Sorcery and Black Magic Bill' -ന്റെ കരട് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിയമപരിഷ്കാര കമ്മീഷന്റെ അഭിപ്രായംകൂടി ആരാഞ്ഞിട്ടുണ്ട്. അവരുടെ അഭിപ്രായംകൂടെ സർക്കാർ പരിശോധിച്ച് ഇത്തരത്തിലൊരു നിയമനിർമ്മാണത്തിന് തീർച്ചായും ഗവൺമെന്റ് തയ്യാറാകുമെന്നതന്നെയാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. അതിന്റെ നിയമനിർമ്മാണത്തിന് മുമ്പായി വലിയ രീതിയിലുള്ള അഭിപ്രായ ശേഖരണം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ഡി. പ്രസേനൻ ഇവിടെ അവതരണാനുമതിക്ക് അപേക്ഷിച്ചിട്ടുള്ള '2021-ലെ കേരള അന്ധവിശ്വാസ-

അനാചാര നിർമ്മാർജ്ജന ബിൽ' ഇപ്പോൾ അംഗീകരിക്കേണ്ടതില്ലായെന്നും അതിനുപകരം ഗവൺമെന്റ് ഒരു പ്രധാനപ്പെട്ട നിയമനിർമ്മാണം നടപ്പിലാക്കുമെന്നാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട് ഈ ബിൽ ഇപ്പോൾ അംഗീകരിക്കുന്നില്ലായെന്നാണ് ഗവൺമെന്റിനുവേണ്ടി വ്യക്തമാക്കാനുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇവിടെ ഗവൺമെന്റിനുവേണ്ടി താൽക്കാലികമായി ബിൽ അംഗീകരിക്കുന്നില്ലായെന്ന് പറയുമ്പോഴും ഈ ബില്ലിലെ ആശയം പൂർണ്ണമായും ഏറ്റെടുത്തുകൊണ്ട് അതിവേഗതയിൽ അന്ധവിശ്വാസ അനാചാര നിർമ്മാർജ്ജനത്തിനാവശ്യമായ ബില്ലിലേയ്ക്ക് കേരളമെത്തും എന്ന മറുപടി ഈ സഭയിൽ കേൾക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷം ഞാൻ ആദ്യമേ രേഖപ്പെടുത്തുകയാണ്. പലപ്പോഴും ഇത്തരം ബില്ലുകളുടെ ചർച്ചകൾ വരുമ്പോൾ നമ്മുടെ സമൂഹം തെറ്റിദ്ധരിക്കാറുണ്ട്. യഥാർത്ഥത്തിൽ നിഷ്കളങ്കരായ മതവിശ്വാസികളെയും ദൈവവിശ്വാസികളെയും മതേതരവിശ്വാസികളെയും മതനിരപേക്ഷ മനുഷ്യരെയും സഹായിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ബിൽ ഞാൻ അവതരിപ്പിക്കുന്നത്. ഇന്ത്യൻ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ്

ഈ ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 51A (b)-ലും ആർട്ടിക്കിൾ 51A (h)-ലുമെല്ലാം ചൂണ്ടിക്കാണിച്ചിട്ടുള്ളത്: ഒന്ന്, ശാസ്ത്രബോധവും മാനവികതയും അന്വേഷണ താൽപര്യത്തോടുള്ള പരിഷ്കരണങ്ങളും ഉൾക്കൊള്ളുന്നതാണ് ഇന്ത്യൻ സമൂഹമെന്നാണ്. അതുപോലെ സ്വാതന്ത്ര്യസമരകാലത്തെ ആശയങ്ങൾ ഉയർത്തിപ്പിടിക്കുന്നതായിരിക്കണം ഇന്ത്യയുടെ മൂല്യങ്ങൾ എന്ന് ഭരണഘടന നമ്മെ ഓർമ്മപ്പെടുത്തുന്നു. ആർട്ടിക്കിൾ 25(1)-ൽ പ്രതിപാദിക്കുന്നതുപോലെ ഇഷ്ടമുള്ള മതം സ്വീകരിക്കാനും ആരാധിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് ഈ നിയമം നിർമ്മിക്കണമെന്ന് ഞാൻ ഇവിടെ ആവശ്യപ്പെടുന്നത്. മതവിശ്വാസത്തെ രാഷ്ട്രീയ അധികാരത്തിലേയ്ക്കുള്ള കുറുക്കുവഴിയാക്കി മാറ്റുന്നവരും കോർപ്പറേറ്റ് മൂലധനശക്തികളുടെ കമ്പോള വിപുലീകരണത്തിനുവേണ്ടി മതവിശ്വാസത്തെ ഉപയോഗപ്പെടുത്തുന്നവരുമെല്ലാം ഇന്ന് അന്ധവിശ്വാസങ്ങളുടെ നടത്തിപ്പുകാരും പ്രചാരകരുമായി മാറിയിരിക്കുകയാണ്. അധികാര സാമ്പത്തിക താല്പര്യങ്ങൾ തന്നെയാണ് അന്ധവിശ്വാസത്തിലധിഷ്ഠിതമായ അനാചാരങ്ങൾക്ക് അടിസ്ഥാനമെന്ന് നമ്മൾ കാണേണ്ടതുണ്ട്. അറിവുള്ള

സമൂഹത്തിൽ സാധാരണ അന്ധവിശ്വാസം വേരുപിടിക്കില്ലായെന്നാണ് പൊതുവേ കരുതുന്നത്. എന്നാൽ ഇവിടത്തെ പ്രശ്നം, നമ്മൾ രൂപപ്പെടുത്തിയെടുക്കുന്ന അറിവുകൾപോലും ഏതാണ്ട് അന്ധവിശ്വാസത്തിൽ അധിഷ്ഠിതമാണ്. അറിവെന്ന് പറഞ്ഞാൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ സർട്ടിഫിക്കറ്റുകളാണെന്നെല്ലാം തെറ്റിദ്ധരിപ്പിക്കപ്പെടുന്ന സമൂഹമായി നമ്മുടെ സമൂഹത്തെ മാറ്റുകയാണ്. ഇന്ത്യാ രാജ്യത്ത് ഔപചാരിക വിദ്യാഭ്യാസം രൂപപ്പെടുത്തിയെടുക്കുന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച ഇന്ത്യൻ മുതലാളി വർഗ്ഗം/ഇന്ത്യയിലെ ഭരണവർഗ്ഗം ഫ്യൂഡലിസവുമായി സന്ധി ചെയ്തുകൊണ്ടാണ് ഇന്ത്യൻ മുതലാളിത്തത്തിന്റെ കാഴ്ചപ്പാടുകളും ആശയങ്ങളും രൂപപ്പെടുത്തിയത്. അതുകൊണ്ടാണ് ലോകത്ത് മറ്റൊരു മുതലാളിത്ത സമൂഹത്തിലും കാണാത്ത രൂപത്തിൽ അന്ധവിശ്വാസത്തിന് അരങ്ങുതീർക്കുന്ന രൂപത്തിൽ, ഔപചാരിക വിദ്യാഭ്യാസക്രമത്തിലൂൾപ്പെടെ അത് അടിച്ചേൽപ്പിക്കാൻ അവർക്ക് കഴിയുന്നതെന്ന് കാണാൻ കഴിയും. ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ ഈ കാഴ്ചപ്പാടുകൾ നമുക്ക് മാറ്റിത്തീർക്കേണ്ടതുണ്ട്. ഉന്നത ബിരുദധാരികൾപ്പോലും ഇപ്പോൾ അന്ധവിശ്വാസത്തിന് അടിമകളായി

മാറുകയും അനാചാരങ്ങൾക്ക് വിധേയമാകുകയും ചെയ്യുന്ന കാഴ്ചകൾ നമ്മൾ കാണാറുണ്ട്. യുക്തിഭദ്രവും ശാസ്ത്രീയവുമായ സമന്വയത്തിലുള്ള ഒരു സത്യമാക്കി അറിവിനെ രൂപപ്പെടുത്തിയെടുക്കുകയെന്നത് അടിസ്ഥാനപരമായ നമ്മുടെ ചുമതലയായി കാണേണ്ടതുണ്ട്. എല്ലാം മാറ്റത്തിന് വിധേയമാണ്, മാറ്റമെന്നത് ശാസ്ത്രമാണ്......... അതിനാൽ വളരെ പ്രധാനപ്പെട്ട ബില്ലാണിത്. അദ്ധ്വാനത്തിൽ നിന്നാണല്ലോ അറിവ് രൂപപ്പെട്ടുവരുന്നത്. അപ്പോഴാണ് അതിനൊരു യുക്തിഭദ്രതയുണ്ടാകുക. അനുഭവങ്ങളിൽനിന്നാണ് മനുഷ്യൻ അറിവ് രൂപപ്പെടുത്തിയെടുക്കുന്നത്. അതുകൊണ്ട് വർത്തമാനകാല സാഹചര്യത്തിൽ അദ്ധ്വാനത്തിലെല്ലാം വലിയ മാറ്റങ്ങൾ രൂപപ്പെട്ടുവരുന്ന സാഹചര്യമുണ്ട്. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഔപചാരിക വിദ്യാഭ്യാസത്തിലെ അറിവിലും രൂപപ്പെടുത്തിയെടുക്കാനുള്ള കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കേണ്ടതുണ്ട്. അറിവിലൂടെ നമ്മൾ സമാഹരിച്ച ശാസ്ത്രസാങ്കേതിക മേന്മകളെപോലും അന്ധവിശ്വാസത്തെ സാധൂകരിക്കാനുള്ള ഉപകരണങ്ങളാക്കി മാറ്റുകയാണ്. കമ്പ്യൂട്ടർ ജാതകം നിലവിൽവന്നു. ഓൺലൈൻ പൂജകൾ നടപ്പാക്കുകയാണ്, അത്തരത്തിലേയ്ക്കെല്ലാം കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നു.

ദൈവവിശ്വാസവുമായോ മതവിശ്വാസികളുമായോ ബന്ധപ്പെട്ട് ആധുനികകാലത്ത് അന്ധവിശ്വാസത്തിൽ ഒരുബന്ധവുമില്ലായെന്ന് നമ്മൾ മനസ്സിലാക്കണം. മതവും ദൈവവുമായിട്ടൊന്നും ഇത്തരം അനാചാരങ്ങൾക്ക് ഒരുബന്ധവുമില്ല. തികഞ്ഞ മതവിശ്വാസത്തിനും മതധർമ്മങ്ങൾക്കും പാവപ്പെട്ട ദൈവവിശ്വാസികളുടെ വിശ്വാസത്തിനും എതിരാണ് ഇന്നുനമ്മൾ കണ്ടുകൊണ്ടിരിക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളുമെന്ന് തിരിച്ചറിഞ്ഞുകൊണ്ട് എല്ലാമതനിരപേക്ഷ സമൂഹത്തെയും രക്ഷിക്കുന്നതിനുവേണ്ടി യഥാർത്ഥ ദൈവവിശ്വാസികളെയും മതവിശ്വാസികളെയും സംരക്ഷിക്കുന്നതിനുവേണ്ടി ഈ ബിൽ തുടർ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചർച്ച തുടരാവുന്നതാണ്

( ചർച്ച തുടരും)

## (ii) 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2021-ലെ കേരള സംസ്ഥാന അക്ഷയ സംരംഭക ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അവതരണാനുമതി തേടിയിട്ടുള്ള ബില്ലിനെ സംബന്ധിച്ചിടത്തോളം, അക്ഷയ സെന്റർ നടത്തുന്ന സംരംഭകർക്കുള്ള ക്ഷേമത്തിനും സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു ബിൽ എന്നനിലയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ കേരള സംസ്ഥാന സർക്കാരിന്റെ 25-02-2021-ലെ 24/2021/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം ഐ.ടി, ഐ.ടി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായിബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി ഒരുനിധി രൂപീകരിക്കുന്നതിനും പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി ക്ഷേമപദ്ധതി രൂപീകരിച്ചിട്ടുള്ളതുകൊണ്ടും ആയതിന്റെ നടത്തിപ്പ് കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തി അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതിയുടെ ഖണ്ഡിക (2) നിർവ്വചനപ്രകാരം, ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ

എല്ലാത്തരം ജീവനക്കാർക്കും സംരംഭകർക്കും ഉൾപ്പെട്ടുവരുന്നതിനാൽ കേരളത്തിലെ ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അക്ഷയ സെന്ററുകളും ടി നിർവ്വചനത്തിൽ ഉൾപ്പെട്ടുവരുന്നതും അക്ഷയ സെന്റർ സംരംഭകർക്കും ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ അർഹതയുള്ളതും പദ്ധതിയാനുകൂല്യങ്ങൾക്ക് അർഹരാകുന്നതുമാണ്. ഈ സാഹചര്യത്തിൽ അക്ഷയ സംരംഭകർക്കായി പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിൽ പ്രസക്തിയില്ല. 2021-ലെ കേരളത്തിലെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത ജീവനക്കാർക്കും സംരംഭകർക്കും താഴെപറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു. അതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

പെൻഷൻ - ഏതാണ്ട് 3000 രൂപ പെൻഷനായി ഇപ്പോൾ ലഭിക്കുന്നുണ്ട്. അതുപോലെ, പതിനഞ്ച് വർഷം അംശദായം അടച്ച അംഗം മരണപ്പെടുകയോ പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെടുകയോ ചെയ്താൽ മിനിമം പെൻഷന്റെ പകുതിയോ വാങ്ങികൊണ്ടിരിക്കുന്ന പെൻഷന്റെ പകുതിയോ കുടുംബ പെൻഷനായി ലഭിക്കും.

വിവാഹാനുകൂല്യ സഹായം ചെയ്യുന്നുണ്ട് - ഏതാണ്ട് പതിനായിരം രൂപയോളം ഇതിനായി ഗവൺമെന്റ് ഇപ്പോൾ സഹായിക്കുന്നു.

പ്രസവാനുകൂല്യം - വനിത അംഗത്തിന് 15,000 രൂപ, ഗർഭം അലസുന്ന ഘട്ടമുണ്ടായാൽ ചികിത്സയ്ക്ക് 2,500 രൂപയും നൽകുന്നു.

(3) വിദ്യാഭ്യാസ ആനുകൂല്യം - അത് പ്രത്യേക ധനസഹായമായി കലാ-കായിക-സാംസ്കാരിക രംഗത്ത് പ്രാഗല്ഭ്യം തെളിയിക്കുന്ന കുട്ടികൾക്ക്, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പും മറ്റുധനസഹായങ്ങളും നൽകുന്നുണ്ട്.

ചികിത്സാ സഹായം - സർക്കാർ അംഗീകൃത-സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക്, മൂന്ന് വർഷം അംശദായം അടച്ച അംഗത്തിനും കുടുംബത്തിനും പരമാവധി 15,000 രൂപ വ്യവസ്ഥ ചെയ്യുന്നുണ്ട്.

മരണാനന്തര സഹായമായി 5,000 രൂപ, അത് പരമാവധി 20,000 രൂപവരെ കൊടുക്കുന്നു. മരണാന്തര ചെലവ്- ഒരുവർഷമെങ്കിലും ക്ഷേമനിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗമോ കുടുംബാംഗമോ മരണപ്പെട്ടാൽ മരണാന്തര ചെലവുകൾക്കായി 5,000

രൂപയും കൊടുക്കും.

മേൽവിവരിച്ച കാരണങ്ങൾകൊണ്ട് വിവിധ ആനുകൂല്യങ്ങൾ ഈ പറയുന്ന പദ്ധതിയിൽ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നവിധം കേരള സംസ്ഥാനത്ത് അക്ഷയ സെന്ററുകൾ നടത്തുന്ന സംരംഭകരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി ഒരുപ്രത്യേക ക്ഷേമനിധി ബോർഡ് ഇപ്പോൾ രൂപീകരിക്കുന്നതിൽ പ്രസക്തിയില്ലായെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ബില്ലിന്റെ പേരുപോലെതന്നെ, നാട്ടിലെ അക്ഷയ സംരംഭകർക്കുവേണ്ടി പ്രത്യേകമായി ക്ഷേമനിധി ബോർഡ് രൂപീകരിക്കണമെന്നുള്ള ആവശ്യമാണുള്ളത്. വിവരസാങ്കേതികവിദ്യ മനുഷ്യജീവിതത്തിന്റെ എല്ലാതലങ്ങളെയും സ്പർശിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ ഈമേഖലയിലെ സേവനങ്ങൾ സംസ്ഥാനത്തെ ജനങ്ങളിൽ പരമാവധി എത്തിച്ചുകൊടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് അക്ഷയ സംരംഭകരാണ്. മൂവായിരത്തിഅഞ്ഞൂറോളം അക്ഷയ സംരംഭകരാണ്

സംസ്ഥാനത്തുള്ളത്. ബിരുദവും ബിരുദാനന്തര ബിരുദവുമുള്ളവരൊക്കെയാണ് അക്ഷയ സംരംഭകരായി പ്രവർത്തിക്കുന്നത്. മലപ്പുറം ജില്ലയിലെ ജില്ലാപഞ്ചായത്താണ് അക്ഷയസംരംഭങ്ങൾക്ക് തുടക്കം കുറിച്ചത്. പിന്നീട് അത് സംസ്ഥാനം മുഴുവനും വ്യാപിച്ചു. ഞാൻ അതിന്റെ ചരിത്രത്തിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും അക്ഷയ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് വളരെ തുച്ഛമായ വരുമാനമാണ് ലഭിക്കുന്നത്. അവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളൊന്നുമില്ല. അവർ ചെയ്യുന്ന സേവനത്തിനുള്ള ഫീസുമാത്രമാണ് അവർക്ക് വരുമാനമായി ലഭിക്കുന്നത്. മറ്റൊരു ആനുകൂല്യവും സർക്കാർ സംരക്ഷണവും അവർക്കില്ല. കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ ഐ.ടി.സംരംഭകർക്ക് ഇപ്പോൾ പുതിയ ക്ഷേമനിധിയുണ്ടെന്നാണ് പറയുന്നത്. ഞാൻ സൂചിപ്പിക്കുന്നത്, ഇവിടെ പുതിയ ക്ഷേമനിധികൾക്കുവേണ്ടിയുള്ള ആവശ്യം വരുമ്പോഴൊക്കെ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള മറുപടി എല്ലാം കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിലുണ്ടെന്നാണ്. എന്നാൽ അങ്ങനെ അല്ല, പുതിയ തൊഴിൽ മേഖലകൾ ശക്തിപ്പെട്ടുവരുമ്പോൾ ആ

മേഖലകളിലെ തൊഴിലാളികൾക്ക് കൂടുതൽ ഫോക്കസ് ലഭിക്കണമെങ്കിൽ അവർക്കായി ചില ക്ഷേമപദ്ധതികളും പെൻഷനും ക്ഷേമനിധിയുമൊക്കെ ഉണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഇരുപത് വർഷത്തോളമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരാണ് ഈ സംരംഭകരിൽ അധികവും. പരിശോധിച്ചാൽ ഇരുപത് വർഷത്തിലധികമായി ഈമേഖലയിൽ പ്രവർത്തിക്കുന്നവരുണ്ടെന്ന് മനസ്സിലാകും. ധാരാളം സ്ത്രീ സംരംഭകരുണ്ട്, കാരണം ഈ പ്രവർത്തിയുടെ സ്വഭാവം വച്ചുനോക്കുമ്പോൾ സ്ത്രീകൾക്ക് കൈകാര്യം ചെയ്യാവുന്ന ഒരു മേഖലയാണ് അക്ഷയ സംരംഭം എന്നുപറയുന്നത്. അതുപോലെ ഈ കാലഘട്ടത്തിൽ ക്ഷേമനിധി ഇവർക്ക് ആവശ്യമാണ്. കേരളത്തിൽ ഇന്ന് ഇ-ഗവേണൻസ് പദ്ധതി വളരെ വ്യാപകമായി നടക്കുകയാണ്. എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളുമൊക്കെ ഓൺലൈനാണ്. അതിനാൽ സാധാരണക്കാർക്കും ഉയർന്ന വിദ്യാഭ്യാസമില്ലാത്തവർക്കും നിരന്തരം ആശ്രയിക്കാൻ കഴിയുന്നത് അക്ഷയ കേന്ദ്രങ്ങളെയാണ്. അക്ഷയ സംരംഭകർക്ക് ആനുകൂല്യങ്ങളും വരുമാനമില്ല. ഇന്ന് അക്ഷയ സംരംഭകർ ധാരാളം ഭീക്ഷണികൾ നേരിടുന്നുണ്ട്. പുതിയ സർവ്വീസ് സെന്ററുകൾ

വ്യാപകമായിവരുന്നു. അതുകൊണ്ടുതന്നെ അക്ഷയ സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകാനും വളരെയേറെ പ്രയാസപ്പെടുന്നുണ്ട്. അവർക്ക് ആനുകൂല്യവും സംരക്ഷണവും നൽകി അവരെ ഈ മേഖലയിൽ നിലനിർത്താൻവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രമമുണ്ടാകണം. അതിനാണ് അക്ഷയ സംരംഭകർക്കായിട്ടുള്ള ക്ഷേമനിധി ബോർഡ് എന്ന ആശയം ഞങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. പൊതുവിൽ എല്ലാവർക്കും കൂടിയുള്ള കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിലുള്ള സംരക്ഷണം മാത്രം പോര അക്ഷയ സംരംഭകർക്ക്. മറ്റെല്ലാ ക്ഷേമനിധിയും പോലെതന്നെ ഇതിന്റെ ഒരു ഘടനയായി സൂചിപ്പിക്കുന്നത്, സംരംഭകരിൽനിന്ന് ഒരുവിഹിതവും അത്രയും വിഹിതംതന്നെ സർക്കാരും ഏറ്റെടുത്ത് ഒരു ക്ഷേമനിധി രൂപീകരിക്കണമെന്നാണ്. ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് അറുപത് വയസ്സിനുശേഷം പെൻഷൻ നൽകുന്ന വിധത്തിലായിരിക്കണം ക്രമീകരണം. ഇവിടെ സൂചിപ്പിച്ചതുപോലെ, വിവാഹം, വിദ്യാഭ്യാസം, മരണം തുടങ്ങിയ കുടുംബത്തിലുള്ള പ്രശ്നങ്ങൾക്കെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളും ഇതിൽനിന്ന് കൊടുക്കാനും ആവശ്യമുള്ള ഘട്ടങ്ങളിൽ പലിശരഹിത വായ്പ

നൽകാനും സാധിക്കണം. ഇന്നത്തെ പ്രധാനപ്പെട്ട പ്രശ്നം, ചികിത്സാ സൗകര്യങ്ങളുണ്ടാകുക എന്നുള്ളതാണ്. സംരംഭകന്റെയും കുടുംബത്തിന്റെയും ആരോഗ്യ പരിരക്ഷയ്ക്കായി ഇവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തണമെന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു ബിൽ രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുമ്പോൾ, ഗസറ്റ് വിജ്ഞാപനം വഴി നമുക്ക് ഏത് ബോർഡും രൂപീകരിക്കാൻ സാധിക്കും. ഇതിൽ അംഗങ്ങളാകണമെന്ന് ബില്ലിൽ നിർദ്ദേശിക്കുന്നത് തൊഴിൽ-ഐ.ടി. വകുപ്പ് സെക്രട്ടറിമാർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ചെയർമാൻ, സർക്കാർ നിയമിക്കുന്ന മാനേജിംഗ് ഡയറക്ടർ, ധനകാര്യം-നിയമം എന്നീ ഓരോ വകുപ്പിലെയും പ്രതിനിധികൾ, സർക്കാർ നോമിനേറ്റ് ചെയ്യുന്ന അഞ്ച് പ്രതിനിധികൾ ഇതൊക്കെ എല്ലാ ക്ഷേമനിധിയിലും ഉള്ളതാണ്. ഇത് ഐ.ടി.-യുമായി ബന്ധപ്പെട്ടുള്ളതായതുകൊണ്ട് ഐ.ടി. മിഷൻ ഡയറക്ടർ ഉണ്ടാകണം. അതോടൊപ്പം സംരംഭകർ തെരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികളും ഉണ്ടാകണം. കാരണം, നമ്മുടെ ക്ഷേമനിധികളിലൊന്നും ആ മേഖലയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നില്ല. ഇന്നത്തെ കാലഘട്ടത്തിൽ ഓൺലൈൻ സംവിധാനമുള്ളതുകൊണ്ട് സംരംഭകർ തെരഞ്ഞെടുക്കുന്ന ഒരു

പ്രതിനിധിയെക്കൂടി ബോർഡിൽ കൊണ്ടുവരിക എന്നുള്ളത് വളരെ എളുപ്പമാണ്. സംരംഭകർ തെരഞ്ഞെടുക്കുന്ന പ്രതിനിധികളും, സംസ്ഥാന ബോർഡിനോടൊപ്പം ജില്ലാ സമിതികളുമുണ്ടാകണം. ജില്ലാടിസ്ഥാനത്തിൽ ഉപസമിതി രൂപീകരിക്കണം. ജില്ലാ ലേബർ ഓഫീസർ ഇതിന്റെ അദ്ധ്യക്ഷനാകുന്നതോടൊപ്പം സർക്കാരിന് മൂന്ന് അംഗങ്ങളെ നോമിനേറ്റ് ചെയ്യാം. ഈ മൂന്ന് അംഗങ്ങളും ജില്ലാ ഉപസമിതികളിൽനിന്നും അക്ഷയാ സംരംഭകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം. ഭാവിയിൽ വളരെയേറെ സാധ്യതകളും ജനങ്ങൾക്ക് ആശ്രയിക്കേണ്ടതുമായ വളർന്നുവരുന്ന പുതിയ മേഖല എന്ന നിലയ്ക്ക്, സർക്കാർ വർഷാവർഷങ്ങളിൽ ബഡ്ജറ്റിലൂടെ ഇവർക്ക് ഗ്രാന്റ് നൽകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഏത് മേഖലയിലും പുതിയൊരു ബില്ലിന്റെ കാര്യം പറയുമ്പോൾ സർക്കാർ നൽകുന്ന മറുപടി, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അത് ഇന്നതിന്റെ പരിധിയിൽവരുന്നുണ്ട്, അതുകൊണ്ട്

പ്രത്യേകമായി ഒരു ബിൽ വേണ്ടതില്ല എന്നാണ്. അതിൽ ഞാൻ രാഷ്ട്രീയമൊന്നുമല്ല പറയുന്നത്. പ്രതിപക്ഷ-ഭരണപക്ഷ വാഗ്വാദങ്ങളുടെ പ്രശ്നം പ്രത്യേകിച്ച് അനൗദ്യോഗിക ബില്ലുകളുടെ കാര്യത്തിൽ ഇല്ലല്ലോ; ഈ മേഖലയിൽ പ്രത്യേകമായൊരു ഫോക്കസ് കിട്ടുന്നതിനായി ഓരോന്നും ഡിവൈഡ് ചെയ്യുന്നതാണ് നല്ലത്. ആദ്യം ഒരു സർവ്വകലാശാല മാത്രമേയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ ഓരോ സബ്ജക്ടിനനുസരിച്ച് സർവ്വകലാശാലകൾ ഉണ്ട്; ആരോഗ്യ സർവ്വകലാശാല, ശാസ്ത്രസാങ്കേതിക സർവ്വകലാശാല, മലയാള സർവ്വകലാശാല, സംസ്കൃത സർവ്വകലാശാല തുടങ്ങിയവ. ഓരോ മേഖലയിലും പ്രത്യേക ഫോക്കസ് ലഭിക്കുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തത്. വിവിധ തൊഴിൽ മേഖലകൾ കാലഘട്ടത്തിനനുസരിച്ച് ശക്തിപ്പെട്ടുവരുമ്പോൾ ആ മേഖലകളെ പരിപോഷിപ്പിക്കാൻവേണ്ടി ....

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, താങ്കൾ പറയുന്നതനുസരിച്ച് സർക്കാരിന്റെ പല ആനുകൂല്യങ്ങളെക്കുറിച്ചും സാധാരണക്കാർക്ക് അറിയുന്നതിനും അത് നേടിയെടുക്കുന്നതിനും അക്ഷയ കേന്ദ്രങ്ങൾ വഹിക്കുന്ന പങ്ക് അതുല്യമാണ്. അതുകൊണ്ട് അക്ഷയ സംരംഭകരെ

സർക്കാർ ജീവനക്കാരായി പരിഗണിക്കണമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് അംഗം മുന്നോട്ടുവച്ച നിർദ്ദേശം.... ഇങ്ങനെയൊക്കെയാണ് ഓരോ നിർദ്ദേശങ്ങളും വരുന്നത്. ജനങ്ങൾ കരുതുന്നത് അക്ഷയ എന്നത് സർക്കാരിന്റെ ഒരു സ്ഥാപനമാണെന്നാണ്. കാരണം, എല്ലാ സർക്കാർ സർവ്വീസിന്റെയും ഒരു ഏജൻസി പോലെയാണ് ഇന്ന് അക്ഷയ സംരംഭങ്ങൾ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദ്ദേശം സർക്കാരിന് പരിഗണിക്കാവുന്നതാണ്. കാരണം, 20 വർഷമായി പ്രവർത്തിക്കുന്നവരാണ് ഇന്നത്തെ അക്ഷയ സെന്ററുകളിലധികവും. അതുകൊണ്ട് അക്ഷയ സംരംഭകരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നത് ഏറെ ഗുണകരവും പ്രോത്സാഹനജനകവുമാണെന്ന് സൂചിപ്പിക്കുകയാണ്. ഇതിന് വിപുലമായ ചർച്ചകൾ ആവശ്യമായ വിഷയമായതിനാൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(iii) 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ടി. ജെ. വിനോദ് : സർ, 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് അവതരണാനുമതി തേടിയിട്ടുള്ള 2021-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ; സംസ്ഥാനത്ത് ഉച്ചഭാഷിണി, വെളിച്ച സംവിധാനമൊരുക്കൽ, പന്തൽ, കമാനം ഒരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്നതിനാണ്. വെളിച്ചം, ഉച്ചഭാഷിണി, പന്തൽ എന്നിവ സംബന്ധിച്ച് സേവനം നൽകുന്ന സ്ഥാപനങ്ങളെല്ലാംതന്നെ 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ പരിധിയിൽപ്പെട്ടതാണ്. 2006-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ

എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിലെ വകുപ്പ് 2 (ഡി)-ലെ തൊഴിലുടമ എന്ന നിർവ്വചനത്തിൽ ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഇനത്തിലെ വകുപ്പ് 2 (ജി)-യിലെ തൊഴിലാളി എന്ന നിർവ്വചനത്തിൽ ശബ്ദവും വെളിച്ചവും അലങ്കാരവും ലഭ്യമാക്കുന്ന സ്ഥാപനങ്ങളിലെ നേരിട്ടോ ഏജന്റ് മുഖേനയോ കരാർ വ്യവസ്ഥയിലോ സ്വയംതൊഴിൽ ചെയ്യുന്ന എല്ലാത്തരം തൊഴിലാളികളും ഉൾപ്പെടും. അംഗമാകുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിൽ ഉൾപ്പെട്ട എല്ലാത്തരം തൊഴിലാളികളും ടി മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്നവരും കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനും അർഹതയുള്ളതിനാൽ ഇപ്പോൾ ഈ ബില്ലിന് പ്രസക്തിയില്ല. ഈ ക്ഷേമനിധിയിൽനിന്നും നിരവധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. 60 വയസ്

പൂർത്തിയായാൽ 3,000 രൂപ പെൻഷൻ ലഭിക്കും. 15 വർഷം അംശദായം അടച്ച അംഗം മരണപ്പെടുകയോ പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെടുകയോ ചെയ്താൽ മിനിമം പെൻഷന്റെ പകുതിയോ വാങ്ങിക്കൊണ്ടിരിക്കുന്ന പെൻഷന്റെ പകുതിയോ കുടുംബ പെൻഷൻ അനുവദിക്കും. വിവാഹ ആനുകൂല്യമായിട്ടുള്ള സഹായവും പ്രസവാനുകൂല്യവും വിദ്യാഭ്യാസാനുകൂല്യവും ലഭിക്കുന്നുണ്ട്. സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് 3 വർഷം അംശദായം അടച്ച അംഗത്തിനും കുടുംബത്തിനും പരമാവധി 10,000 രൂപ വ്യവസ്ഥ ചെയ്യുന്നുണ്ട്. മരണാനന്തര സഹായം 5,000 രൂപ മുതൽ പരമാവധി 20,000 രൂപവരെ ഇപ്പോൾ ലഭിക്കുന്നുണ്ട്. 3 വർഷംവരെ അംശദായം അടച്ച അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ചെലവിനായി 5,000 രൂപ ലഭിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗം തൊഴിലാളികൾക്ക് നിലവിലുള്ള നിയമപ്രകാരം നല്ല സപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് ഇവിടെ ഉന്നയിച്ച വിധം ഇപ്പോൾ കേരള ഉച്ചഭാഷണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബില്ലിന് പ്രസക്തിയില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ടി. ജെ. വിനോദ്: സർ, നമ്മൾ പൊതുപ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാനാവാത്ത ഒരു ജനവിഭാഗമാണ് ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളും തൊഴിലുടമകളും. ഇന്ന് സഭ പല രീതിയിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ കേരളത്തിൽ കോവിഡിന്റെ രണ്ടാം വരവിനെത്തുടർന്ന് ഈ മേഖലയിലെ അഞ്ച് തൊഴിലാളികൾ ആത്മഹത്യ ചെയ്യേണ്ടിവന്ന സാഹചര്യം ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവരെ ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ കീഴിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് പറയുകയുണ്ടായി. ഈ മേഖലയിൽ ഇന്ന് 2,38,264 ജീവനക്കാരും ഉടമകളുമാണുമുള്ളത്. അവർക്ക് അവരുടേതായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കാൻ കഴിയുന്ന രീതിയിൽ ഒരു ക്ഷേമനിധി ബോർഡ് ഉണ്ടാകണമെന്നാഗ്രഹിക്കുന്നത് ഒരു കാരണവശാലും അധികമായ ഒരു ആഗ്രഹമായി ഒരിക്കലും പരിഗണിക്കാൻ കഴിയില്ലെന്നുള്ളതാണ് സഭയുടെ മുമ്പാകെ സൂചിപ്പിക്കാനുള്ളത്. നമ്മൾ പൊതുപ്രവർത്തകരെ

സംബന്ധിച്ചിടത്തോളം വളരെ അടുത്ത ബന്ധം പുലർത്തുന്നവരാണവർ. ലൈറ്റ് ആൻഡ് സൗണ്ടുമായി ബന്ധപ്പെട്ടയാളുകൾ ഇല്ലെങ്കിൽ പൊതുപ്രവർത്തകർക്ക് യാതൊരു പ്രാധാന്യവുമില്ല. പ്രാചീന കാലഘട്ടത്തിൽ കടലാസു ചുരുട്ടിയാണ് സംസാരിച്ചുകൊണ്ടിരുന്നത്. നമ്മുടെ സംസാരം പൊതു സമൂഹത്തിനിടയിൽ കൂടുതൽ വ്യാപരിക്കാൻ കഴിയുന്നത് ലൈറ്റ് ആൻഡ് സൗണ്ട് രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ സേവനം പ്രയോജനപ്പെടുത്തിയതിലൂടെയാണ്. സ്വാഭാവികമായും അവർ ഇന്ന് വളരെ ദുരിതമനുഭവിക്കുകയാണ്. ഓരോ ജില്ലയിലും ജില്ല തിരിച്ച് ഏകദേശം 18,328 സ്ഥാപന ഉടമകളാണുള്ളത്. ഏറ്റവുംക്കൂടുതൽ ഉടമകളുള്ളത് മലപ്പുറം ജില്ലയിലാണ്. അവിടെയെല്ലാം ലക്ഷക്കണക്കിന് രൂപ മുതൽമുടക്കി കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു പ്രവൃത്തിയും ചെയ്യാൻ കഴിയാതെ, ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത, ഒരു സാമൂഹിക ചുറ്റുപാടിലൂടെയാണ് കടന്നു പോകുന്നത്. അതുകൊണ്ടാണ് ലൈറ്റ് ആൻഡ് സൗണ്ട് രംഗത്ത് പ്രവർത്തിക്കുന്ന അഞ്ച് ആളുകൾ മരണപ്പെടാനിടയായത്. 2,19,936 തൊഴിലാളികൾ ഇവരുടെ കീഴിൽ പണിയെടുക്കുന്നുണ്ട്. അപ്പോൾ വലിയൊരു ജനവിഭാഗം ഈ മേഖലയിൽ പ്രവർത്തിക്കുമ്പോൾ

യഥാർത്ഥത്തിൽ അവരുടേതായ ഒരു ക്ഷേമനിധിയുണ്ടാക്കി അതിന്റെ പ്രയോജനം അവർക്ക് ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക എന്നു പറഞ്ഞാൽ പൊതുപ്രവർത്തകരെന്നുള്ള നിലയിൽ നമുക്കു അവരോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നീതിയാണ്. ഇന്ത്യയിലെ മറ്റു നിയമസഭകൾക്ക് മാതൃകയാണ് കേരളനിയമസഭ. വർഷത്തിൽ ഏറ്റവുംക്കൂടുതൽ ദിവസങ്ങളിൽ സമ്മേളിക്കുന്ന ഒരു സഭയാണ് നമ്മുടേത്. ഏകദേശം 53 ദിവസം സഭ ചേരുന്നു എന്നുള്ളതാണ് ഈ സഭയുടെ പ്രത്യേകത. 37 സഭാസമിതികളുള്ള ഒരു സഭയാണ്; ഏറ്റവുംക്കൂടുതൽ ക്ഷേമനിധി നിയമങ്ങൾ പാസാക്കിയിട്ടുള്ള ഒരു സഭയാണ്. ഏറ്റവും കുറവ് അംഗങ്ങളുള്ള, Toddy Workers Welfare Fund Board-ലെ; ഏകദേശം 2019 അംഗങ്ങൾ മാത്രമുള്ള ഒരു ക്ഷേമനിധി ബോർഡും നമ്മൾ രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 29 ക്ഷേമനിധി ബില്ലുകൾ കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. 1969-ൽ പാസാക്കിയ ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് മുതൽ 2019-ൽ പാസാക്കിയ മദ്രസ അദ്ധ്യാപക ക്ഷേമനിധി ബില്ല് വരെ ഇതിലുൾപ്പെടുന്നു. കോവിഡ് വന്നതുമൂലം ഒരാനുകൂല്യവും ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ

പ്രവർത്തിക്കുന്നവർക്ക് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ അവർക്ക് ഒരുപാട് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നാണ് പറഞ്ഞത്. കോവിഡ് വന്നതിനെത്തുടർന്ന് പ്രത്യേകിച്ച് ഈ ക്ഷേമനിധി ബോർഡിൽനിന്നും ഒരാനുകൂല്യവും കാര്യമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് എന്റെ അറിവ്. സ്വാഭാവികമായും കോവിഡിന്റെ ഈ കാലഘട്ടത്തിൽ അവരെല്ലാം വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു സാഹചര്യത്തിൽ നിൽക്കുകയാണ്. അതുകൊണ്ടാണ് ലൈറ്റ് ആന്റ് സൗണ്ട് മേഖലിയുള്ള അഞ്ച് ആളുകൾ ആത്മഹത്യ ചെയ്യപ്പെടാനിടയായ സാഹചര്യത്തെക്കുറിച്ച് സൂചിപ്പിച്ചത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വളരെ പ്രസക്തമായ ഒരു ബില്ലിനെക്കുറിച്ചാണ് താങ്കൾ ഇവിടെ സംസാരിക്കുന്നത്. നിയമസഭതന്നെ ലൈറ്റും സൗണ്ടും ഇല്ലെങ്കിൽ പ്രവർത്തിപ്പിക്കാൻ കഴിയില്ല. അഞ്ച് മുതൽ ഏഴ് ആളുകൾ ആത്മഹത്യചെയ്തത് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ; ഏറ്റവുമൊടുവിൽ കണ്ണൂർ ജില്ലയിലെ ഒരു ലൈറ്റ് ആൻഡ് സൗണ്ട് ഉടമയായ മനോജ് 04.08.2021-ൽ ആത്മഹത്യ ചെയ്തു. മൂന്നര ലക്ഷത്തോളം ആളുകളെ ബാധിക്കുന്ന ഒരു കാര്യമാണ്. നമ്മുടെ രാഷ്ട്രീയ ജീവിതത്തിൽ ഇവരുമായി

ഏറ്റവും അടുത്ത് ബന്ധപ്പെട്ടു നിൽക്കുന്ന ആളുകളാണിവർ. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ അദ്ദേഹം ഇവിടെ പറഞ്ഞ ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡിൽ അവർ അംഗങ്ങളാണെന്നാണ് പറയുന്നത്. ഇവിടത്തെ തൊഴിലാളിയും തൊഴിൽദാതാവും രണ്ടും ഒരാൾ തന്നെയാണ്. ഇവിടെ രണ്ട് വിഭാഗമൊന്നുമില്ല. പക്ഷേ ഇവിടെ ഇങ്ങനെ നിയമമുള്ളപ്പോൾ, നിലവിൽ ലൈറ്റ് ആൻഡ് സൗണ്ട്, പന്തൽ മേഖലയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധിയിൽ തൊഴിലുടമയ്ക്കും തൊഴിലാളിക്കും ഒരേ സമയം അംഗമാകുവാൻ കഴിയുംവിധം ക്ഷേമനിധിയിൽ വ്യവസ്ഥകളില്ല. ആ വ്യവസ്ഥപോലും ഇല്ലാത്ത സാഹചര്യത്തിൽ ഈ നിയമത്തിന് പ്രസക്തി വർദ്ധിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ജീവിതത്തിന്റെ ഒരുപാട് ആഘോഷങ്ങളും സന്തോഷങ്ങളും കോവിഡ് കെടുത്തിക്കളഞ്ഞു. പൊതുജീവിതത്തിന്റെ വർണ്ണാഭമായ ചിത്രങ്ങളെന്നു പറയുന്നത് സമ്മേളനങ്ങൾ, പ്രചരണ ജാഥകൾ, പരിപാടികളൊക്കെയാണ്.

ഇതെല്ലാം സംഘടിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം ലൈറ്റും സൗണ്ടും മൈക്കും അതിന്റെ പ്രചരണ ഗാനങ്ങളുമൊക്കെയാണ്. അതൊക്കെ ഇന്ന് നിശ്ചലമായി; അതുപോലെത്തന്നെ പൊതുജീവിതം മാറ്റി നിർത്തി, കുടുംബജീവിതത്തിൽ വിവാഹങ്ങൾ, പാർട്ടികൾ എല്ലാം നിലച്ചു. ഇതെല്ലാം നിലച്ചതോടുകൂടി ജോലി നഷ്ടപ്പെട്ട ഒരു വിഭാഗത്തിനുവേണ്ടിയാണ് അങ്ങിവിടെ ശബ്ദിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് ക്ഷേമനിധി ബില്ല് വേണമെന്നതിനോടൊപ്പംതന്നെ ഇപ്പോഴത്തെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സർക്കാർ ഇടക്കാലാശ്വാസമായി ഒരു സാമ്പത്തിക സഹായം ചെയ്യണമെന്ന അഭിപ്രായം ന്യായമല്ലേ; അങ്ങേയ്ക്ക് അങ്ങനെ അഭിപ്രായമില്ലേ?

ശ്രീ. ടി. ജെ. വിനോദ്: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ അഭിപ്രായം, ജനനം മുതൽ മരണം വരെ ഒരു വ്യക്തിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെട്ടവർ. അതുകൊണ്ടുതന്നെ അവർക്ക് പ്രത്യേകമായ പരിഗണന കൊടുക്കണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കോവിഡ്-19 മഹാമാരിയുടെ ഒന്നാം ഘട്ടത്തിൽ കേന്ദ്ര സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച

ലോക്ക്ഡൗൺ കാലത്ത് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് സാമ്പത്തികഭദ്രത കുറഞ്ഞ ക്ഷേമനിധിബോർഡുകൾ 1000 രൂപ മുതൽ 3000 രൂപ വരെയാണ് നൽകിയത്. രണ്ടാം അടച്ചിടലിൽ ഈ കാലയളവിൽ 1000 രൂപ വീതം നൽകി. സാധനങ്ങൾക്ക് വിലകൂടിയ ഈ കാലഘട്ടത്തിൽ 1000 രൂപ കൊണ്ട് ഒരു കുടുംബം എങ്ങനെയാണ് ജീവിക്കുന്നത്. പല കുടുംബങ്ങളും സാമ്പത്തിക പ്രതിസന്ധിമൂലമാണ് മുന്നോട്ട് പോകുന്നത്. അവർക്കൊരു ക്ഷേമനിധി ബോർഡ് ഉണ്ടായാൽ സ്വാഭാവികമായും കല്യാണമോ മരണമോ മറ്റെന്തെങ്കിലും സഹായമോ വന്നാൽ... 60 വയസ്സ് കഴിഞ്ഞവർക്ക് ഇതിൽനിന്നും ഒരു സഹായം കൊടുക്കാൻ കഴിയണം. അതോടൊപ്പം അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി ഒട്ടനവധി നല്ല പ്രവർത്തനങ്ങൾ, ഈ മേഖലയിൽ പണിയെടുക്കുന്ന ആളുകൾക്ക് ലഭ്യമാക്കിയാൽ നല്ലതായിരിക്കും.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങ് ആത്മഹത്യകളെക്കുറിച്ച് പറഞ്ഞു. ഇന്ന് എന്റെ നിയോജകമണ്ഡലത്തിൽ ബേക്കറി നടത്തുന്ന മുരുകൻ എന്ന ആൾ ആത്മഹത്യ ചെയ്തു. കഴിഞ്ഞ ദിവസം നിയന്ത്രണങ്ങൾ എടുത്തുകളയും എന്ന രീതിയിൽ കൊണ്ടുവന്ന പുതിയ ഉത്തരവ് അദ്ദേഹത്തെ

ആത്മഹത്യയിലേയ്ക്ക് നയിച്ച ഒരു കാരണമായി മാറിയേക്കാം. ഇക്കഴിഞ്ഞ ഒന്നര വർഷക്കാലമായി പ്രവർത്തിക്കാതിരിക്കുന്നതുമൂലം ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ നശിച്ച പോകുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള ആ സാധനങ്ങൾക്ക് നഷ്ടപരിഹാരം നൽകുകയും ഈ ഓണക്കാലത്ത് അവർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യണമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, തീർച്ചയായും. ബഹുമാനപ്പെട്ട എം. വിൻസെന്റ് പറഞ്ഞതുപോലെ ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അടിയന്തരമായി 5000 രൂപയെങ്കിലും ധനസഹായം അനുവദിക്കണം. അവർക്കായി പ്രത്യേക ക്ഷേമനിധിയുണ്ടാക്കണമെന്നുള്ളതുകൊണ്ട് വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനായി ഈ ബിൽ തുടർ ചർച്ചയ്ക്ക് മാറ്റി വയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(iv) 2021-ലെ കേരള മിശ്ര വിവാഹിത കുടുംബസംരക്ഷണ ബിൽ

ശ്രീ. എം. രാജഗോപാലൻ: സർ, 2021-ലെ കേരള മിശ്ര വിവാഹിത കുടുംബസംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബഹുമാനപ്പെട്ട അംഗം ഈ പ്രമേയത്തിൽ പരാമർശിച്ചിട്ടുള്ളത് തികച്ചും സാമൂഹ്യപ്രസക്തിയുള്ള ഒരു വിഷയം തന്നെയാണ്. മതേതരത്വത്തിലധിഷ്ഠിതമായ ഭരണഘടന നിലനിൽക്കുന്ന ഒരു ജനാധിപത്യ രാജ്യമാണ് ഇന്ത്യ. പക്ഷേ ഇപ്പോഴും സങ്കുചിതമായ ജാതി-മത മതിൽക്കെട്ടിനകത്തുതന്നെയാണ് വിവാഹങ്ങൾ നടന്നുവരുന്നുയെന്നുള്ളത് അത്യന്തം ഖേദകരമാണ്. 21-ാം നൂറ്റാണ്ടിലെ ഉത്തരാധുനിക ജീവിത സാഹചര്യങ്ങളിലും ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള ചാതുർവർണ്യസാമൂഹ്യഘടനയെ ഉള്ളിൽപേറി ജീവിക്കുകയാണ് വലിയൊരു വിഭാഗം ഇന്ത്യക്കാർ. ജാതീയവും മതപരവുമായിട്ടുള്ള വിഭാഗീയതകളെ കൂടെക്കൊണ്ടുനടക്കുകയും ചെയ്യുന്നു. അതിയാഥാസ്ഥിതികവും

അറുപഴഞ്ചനമായിട്ടുള്ള ആന്തരികഘടനയെ മാറ്റിപ്പണിയാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. നിരർത്ഥകമായിട്ടുള്ള കുടുംബ-ആഭിജാത്യഘോഷങ്ങളുടെ പേരിൽ വിജാതീയ വിവാഹങ്ങളിലേർപ്പെടുന്നവരെ പച്ചജീവനോടെ ചുട്ടുകരിക്കുന്ന ദുരഭിമാനഹത്യകൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാകെ നിരന്തരം ആവർത്തിക്കപ്പെടുകയാണ്. പക്ഷേ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമൂഹ്യമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഒക്കെത്തന്നെ ഏറെ പുരോഗമിച്ചിട്ടുള്ള കേരളത്തിൽ സമാനമായ രീതികൾ സംഭവിക്കുന്നത് ഒരിക്കലും അനുവദിക്കാനാവില്ല. വിവാഹവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പുരോഗമനാത്മകമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് നവോത്ഥാന കേരളം വേറിട്ട മാതൃക സൃഷ്ടിച്ചിട്ടുള്ളത്. ബോധപൂർവ്വം തന്നെയാണ് വിവാഹവുമായി ബന്ധപ്പെട്ട പുരോഗമനാത്മകമായ നിലപാടുകൾ നവോത്ഥാന നായകർ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. 19-ാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽതന്നെ യുഗപ്രഭാവനായ ശ്രീനാരായണ ഗുരുദേവനിൽ നിന്നാരംഭിച്ച നവോത്ഥാന ചിന്തകൾ, ജാതിക്കും മതത്തിനും അതീതമായ മനുഷ്യൻ എന്ന മഹാപദം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പോരാട്ടങ്ങൾ നടത്തിക്കൊണ്ട് സാമൂഹിക

മാറ്റങ്ങൾക്ക് വിത്തുപാകിയപ്പോൾ ബോധപൂർവ്വം വിവാഹവുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾക്കുള്ള നിർദ്ദേശങ്ങളുമുണ്ടായി. മിശ്രഭോജനവും മിശ്രവിവാഹവും എല്ലാം ജാതി ഉന്മൂലനവുമായി ബന്ധപ്പെട്ട നീക്കങ്ങളുടെ സമരായുധങ്ങളായിത്തന്നെ പ്രയോഗിക്കപ്പെട്ടു. ജാതിയുടേയും മതത്തിന്റേയും സങ്കുചിതമായ മതിൽക്കെട്ടുകൾക്ക് അപ്പുറത്തേയ്ക്ക് നീങ്ങുന്ന മാനവികവും പുരോഗമനാത്മകവുമായിട്ടുള്ള പൊതുമണ്ഡല സൃഷ്ടിക്ക് മിശ്രവിവാഹം ഒരു അനിവാര്യതയായിക്കണ്ട് അതിന് മുൻകയ്യെടുത്തവരാണ് നവോത്ഥാന നായകർ; പ്രത്യേകിച്ച് സഹോദരൻ അയ്യപ്പനെപോലുള്ള ആളുകൾ. എന്നാൽ ഇന്ന് ഒരു നൂറ്റാണ്ടുകാലം മുമ്പുതന്നെ കേരളത്തിന്റെ മണ്ണിൽ നിന്ന് ഉച്ചാടനം ചെയ്ത് ഈ പിന്തിരിപ്പൻ ആശയങ്ങളും ആചാരങ്ങളും വീണ്ടും നമ്മുടെ മണ്ണിൽ കയറിക്കൂടി വേരുറപ്പിക്കാൻ തക്കംപാർത്തിരിക്കുകയാണ്. ദേശീയ തലത്തിൽ ശക്തിയാർജ്ജിക്കുന്ന ജാതി-മത വിഭാഗീയതകളുടേയും അസഹിഷ്ണുതയുടേയും രാഷ്ട്രീയവും അതിന്റെ അനുരണനങ്ങളും ഇത്തരം പുറകോട്ടുപോക്കിന് പ്രേരണയാകുന്നുണ്ടെന്നത് വസ്തുതയാണ്. ജാതി-മത-സാമുദായിക പരിഗണനകൾക്കപ്പുറം മാനവികതയിൽ ഊന്നുന്ന വിവാഹ ബന്ധങ്ങൾ ഒന്നുംതന്നെ സാമാന്യത പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല

എന്നുമാത്രമല്ല മിശ്രവിവാഹത്തിന്റെ പേരിൽ ദമ്പതികൾ വേട്ടയാടപ്പെടുന്ന പ്രവണത ശക്തിപ്പെട്ടുവരികയാണ്. മിശ്രവിവാഹങ്ങളോടുള്ള സാമൂഹികമായ അസഹിഷ്ണുത, നിർഭാഗ്യകരമായ ചില സംഭവങ്ങൾ കേരളത്തിലും ഉണ്ടാകാൻ ഇടയായിട്ടുണ്ട്. വിജാതീയ വിവാഹത്തിന് തയാറായതിന്റെ പേരിൽ സ്വന്തം അച്ഛനാൽ കൊലചെയ്യപ്പെട്ട മലപ്പുറത്തെ ആതിരയും ഭാര്യയുടെ സഹോദരങ്ങളാൽ കൊലചെയ്യപ്പെട്ട കെവിനും ഈ ഒരു വികല വീക്ഷണത്തിന്റെ രക്തസാക്ഷികളാണ്. കുടുംബത്തിന്റെ അന്തസ് കാത്തുസൂക്ഷിക്കാനെന്ന വ്യാജേന അപൂർവ്വമായെങ്കിലും കേരളത്തിലും ദുരഭിമാനഹത്യകൾ ഉണ്ടാകുന്നു എന്നത് ഉത്കണ്ഠാജനകമാണ്. കുടുംബത്തിൽനിന്ന് ചിലപ്പോൾ സമൂഹത്തിൽനിന്നുതന്നെയും ഉണ്ടാകുന്ന ഒറ്റപ്പെടുത്തലുകൾ അടക്കം മിശ്രവിവാഹ ദമ്പതികൾ നിരവധി പ്രശ്നങ്ങൾ സമൂഹത്തിൽ അഭിമുഖീകരിക്കുന്നുണ്ട്. പ്രത്യേകിച്ച് അടിസ്ഥാന വർഗ്ഗത്തിലും മദ്ധ്യവർഗ്ഗത്തിലുംപ്പെട്ട ബഹുഭൂരിപക്ഷം മിശ്രവിവാഹിതരും ഇത്തരം ദുരനുഭവങ്ങൾക്ക് വിധേയരാകുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നതിന് പകരം അങ്ങനെയുള്ളവരെ പാർശ്വവൽക്കരിക്കുന്നതിന് പരിശ്രമിക്കുമ്പോൾ നമ്മൾ

അഭിമാനത്തോടെ വീമ്പുപറയുന്ന മതേതരത്വവും നനാത്വത്തിൽ ഏകത്വം എന്നുള്ള സംസ്കൃതിയുമൊക്കെത്തന്നെ അർത്ഥരഹിതമായ അക്ഷരങ്ങളും വാക്കുകളുമായി ചുരുങ്ങിപ്പോകുകയാണ്. ലിഖിത ഭരണഘടന ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും മൗലികാവകാശം ഉറപ്പുകൊടുക്കുന്ന ഒരു രാജ്യത്ത്, സ്വന്തം ജീവിത പങ്കാളി ആരായിരിക്കണമെന്ന് തീരുമാനിക്കുന്നതിനുകൂടി അവകാശം ഉണ്ടെന്നിരിക്കെ, വ്യത്യസ്ത ജാതിയിലോ മതത്തിലോപ്പെട്ടവർ വിവാഹതരാകുമ്പോൾ അവരെ ഒറ്റപ്പെടുത്തുന്ന സമീപനം തീർച്ചയായും ഭൂഷണമല്ല. അവർക്ക് പരമാവധി സംരക്ഷണം ഉറപ്പുവരുത്തുകയെന്നുള്ളത് സമൂഹത്തിന്റെ ആകെ ഉത്തരവാദിത്വമാണ്. സമൂഹത്തിന്റെ പൊതുബോധത്തിലാണ് മാറ്റമുണ്ടാകേണ്ടത്. ജനമനസാക്ഷിയിലാണ് മാറ്റമുണ്ടാകേണ്ടത്. കേരളത്തിലും മിശ്രവിവാഹിതർക്ക് സമൂഹികനീതി വകുപ്പ് നിരവധി കുടുംബക്ഷേമ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. മിശ്രവിവാഹിതർക്ക് 30,000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. മിശ്രവിവാഹിതർക്കുള്ള സെയ്ഫ് ഹോം പദ്ധതി കേരളത്തിലെ മിശ്രവിവാഹിതർക്ക് പ്രതിസന്ധികൾ തരണം

ചെയ്യുന്നതിനും അതിജീവനത്തിനും സാധ്യമാക്കുന്നതിനും അവരുടെ സാമൂഹിക പ്രശ്നങ്ങൾ ലഘൂകരിച്ച് സുരക്ഷ ഉറപ്പാക്കി സാമൂഹിക പുനരധിവാസം ഒരുക്കുന്നതിനുമായി സാമൂഹികനീതി വകുപ്പ് സംവിധാനം ചെയ്തുകൊണ്ടിരിക്കുന്ന പരിപാടിയാണ്. സെയ്ഫ് ഹോം പദ്ധതി എൻ.ജി.ഒ.-കളുടെ സഹകരണത്തോടുകൂടി നടപ്പാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മിശ്രവിവാഹ ദമ്പതികൾക്ക് സാമൂഹ്യസുരക്ഷ, പുനരധിവാസത്തിനുള്ള പിന്തുണ, ബന്ധപ്പെട്ട ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി മുഖേന നിയമസഹായം, കൗൺസിലിംഗ് സൗകര്യങ്ങൾ ഇതൊക്കെത്തന്നെ ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ആ വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ദമ്പതികളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതയാണെങ്കിൽ വകുപ്പ് മുഖേന 75,000 രൂപയുടെ ധനസഹായം നൽകിവരുന്നുണ്ട്. അങ്ങനെയുള്ള ദമ്പതികൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമുള്ള ഉപാധിയെന്നുള്ള രീതിയിലുമാണ് ധനസഹായം നൽകിവരുന്നത്. കൂടാതെ ദമ്പതികളിൽ

ഒരാൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടതും മറ്റേയാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതല്ല എങ്കിൽപ്പോലും മിശ്രവിവാഹദമ്പതികൾക്ക് ഡോ.അംബേദ്കർ സ്കീം ഫോർ സോഷ്യൽ ഇന്റഗ്രേഷൻ ത്രൂ ഇന്റർകാസ്റ്റ് മാര്യേജസ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നു. സർക്കാർ സേവനത്തിലിരിക്കുന്ന മിശ്രവിവാഹ ദമ്പതികൾക്ക് സ്ഥലമാറ്റത്തിന്റെയും ആദ്യനിയമനത്തിന്റെയും കാര്യത്തിൽ പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. സാമൂഹിക പരിഷ്കരണത്തിന്റെ മഹത്തായ ചുവടുവയ്പ്പെന്ന നിലയിൽ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്ന നിരവധി പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. മിശ്രവിവാഹിതരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി സ്കോളർഷിപ്പ് പദ്ധതികളുണ്ട്. ഈ പദ്ധതികളുടെ വിപുലീകരണം സംബന്ധിച്ച് സർക്കാർ തലത്തിൽ നടപടികൾ ആലോചനയിലുണ്ട്. ബഹുമാനപ്പെട്ട അംഗം എം. രാജഗോപാലന്റെ 17-ാം നമ്പർ കേരള മിശ്രവിവാഹ കുടുംബ സംരക്ഷണ ബില്ലിൽ പ്രധാനമായും വ്യവസ്ഥ ചെയ്യുന്നത് സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള ബോർഡുകളുടെ രൂപീകരണമാണ്. മിശ്രവിവാഹിതർക്ക് നിലവിൽ ഭരണഘടനാപരമായും നിയമപരമായും ലഭ്യമാകേണ്ട അവകാശങ്ങൾ

സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ മുഖാന്തരം തന്നെ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാനാകും. ബില്ലിൽ വിഭാവനം ചെയ്യുന്ന സംസ്ഥാന ജില്ലാതല ബോർഡുകൾ രൂപീകരിക്കപ്പെടുന്നതുകൊണ്ട് മിശ്രവിവാഹിതർ നിലവിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നതിന് പര്യാപ്തമല്ല എന്നുമാത്രമല്ല സർക്കാർ ഖജനാവിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതുമാണ്. ഭരണഘടനാപരവും നിയമപരവുമായിട്ടുള്ള അവകാശങ്ങൾ നിലവിലുള്ള സംവിധാനങ്ങൾ മുഖേന സംരക്ഷിക്കപ്പെടുന്നതിന് പുറമെ കേരളത്തിൽ മിശ്രവിവാഹിതരുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നിരവധി പദ്ധതികളിലൂടെ മികച്ച ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ 17-ാം നമ്പർ ബില്ല് ആവശ്യമുള്ളതാണെന്ന് തോന്നുന്നില്ല. അതിനാൽ ബില്ല് അവതരിപ്പിക്കുന്നതിനുള്ള പ്രമേയത്തെ എതിർക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഈ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് ഞാൻ ഉന്നയിക്കാൻ പോകുന്ന വിഷയത്തിലെ ചില കാര്യങ്ങൾ

ബഹുമാനപ്പെട്ട മിനിസ്റ്ററുടെ മറുപടിയിൽ വന്നിട്ടുണ്ട്. ഏതായാലും ഒരുകാര്യം വ്യക്തമാണ്. സർക്കാർ ഈ രംഗത്തുള്ള ഇടപെടലിനെ കുറച്ചുകാണുകയോ, മറ്റുരീതിയിൽ പ്രതിപാദിക്കുകയോ ചെയ്യുന്നില്ല. മറിച്ച് സർക്കാർ ഈ മേഖലയിൽ വിഭാവന ചെയ്യുന്ന പദ്ധതികളും പ്രഖ്യാപനങ്ങളും സമയബന്ധിതമായി പ്രയോഗവൽക്കരിക്കാനും ഈ ആനുകൂല്യങ്ങളെല്ലാം മിശ്രവിവാഹിതരായ കുടുംബാംഗങ്ങൾക്ക് ഉറപ്പുവരുത്താനും സഹായകരമായ രീതിയിലുള്ളൊരു ബില്ലാണിത്. വിവിധ വിഭാഗങ്ങളാൽ അവഗണിക്കപ്പെടുന്നവരോ ക്രൂശിക്കപ്പെടുന്നവരോ ആണ് മിശ്രവിവാഹിതർ. ചിലപ്പോൾ വീട്ടുകാരാലോ, കുടുംബക്കാരാലോ, പ്രദേശവാസികളാലോ, മതസങ്കുചിതത്വമുള്ള മതതീവ്രവാദ പ്രസ്ഥാനങ്ങളുടെ ഭീക്ഷണികളാലോ ആകാം. ഇങ്ങനെ വലിയ മാനസിക സംഘർഷത്തിന് അടിമപ്പെടാൻ ഇടയാകുന്നൊരു വിഭാഗം കൂടിയാണിത്. ഇങ്ങനെ വരുമ്പോൾ പ്രഖ്യാപിക്കപ്പെടുന്ന ആനുകൂല്യങ്ങൾ അവർക്ക് അനുഭവിച്ച് അറിയാനുള്ള/അനുഭവിക്കാനുള്ള ഒരു നിയമത്തിന്റെ നിയമപിൻബലം/നിയമപരിരക്ഷ ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്ന തോന്നലാണുള്ളത്. വർത്തമാനകാല കേരളത്തിലായാലും ഇന്ത്യയിലായാലും

സ്ത്രീധന പീഡനങ്ങളെയും ഗാർഹിക പീഡനങ്ങളെയും, നിരാകരണ കൊലകളെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യുന്ന സന്ദർഭമാണിത്. മിശ്രവിവാഹവുമായി ബന്ധപ്പെട്ട് ചില മതവിഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകളുടെ സങ്കുചിത കാഴ്ചപ്പാടിനെ മുൻനിർത്തിയുള്ള ആക്രോശങ്ങളും ഭീക്ഷണികളുമെല്ലാം നിലനിൽക്കുകയാണ്. ഘർ വാപ്പസി/ ലൗ ജിഹാദ് പരാമർശങ്ങളും ഇതുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. ഇത്തരം വിഷയങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും ചില നിരീക്ഷണങ്ങളൊക്കെ നടത്തിയിട്ടുണ്ട്. വ്യക്തി സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉയർത്തിപ്പിടിക്കുന്ന വിധിന്യായമാണ് ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ മിശ്രവിവാഹം മതേതര സൃഷ്ടിയുടെ പ്രയോഗവൽക്കരണമാണ്. കേരളം രാഷ്ട്രീയ പ്രബുദ്ധമാണ്, സാംസ്കാരിക സമ്പന്നമാണ്, സാക്ഷരതാ സമ്പന്നമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വളരെ പുരോഗമനപരവും കാലികവുമായൊരു വിഷയമാണ് ബില്ലായി ഇവിടെ അവതരിപ്പിക്കുന്നത്. എന്നാൽ മിശ്രവിവാഹിതർ നേരിടുന്ന പ്രധാനപ്പെട്ടൊരു പ്രശ്നം അങ്ങയുടെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുകയാണ്. കേരള വില്ലേജ് മാനുവലിലെ 246-ാം ഖണ്ഡികയിൽ പറയുന്നൊരു പ്രസ്താവനയുണ്ട് - "ഇന്ത്യയിൽ ജാതിവ്യവസ്ഥ നിലവിലുള്ളത് ഹിന്ദു, സിക്ക്, ബുദ്ധമതവിഭാഗങ്ങളിൽ മാത്രമാണെന്നും അതിനാൽ അവയിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം മാത്രമെ മിശ്രവിവാഹമായി പരിഗണിക്കാവൂയെന്നും, ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിൽപ്പെട്ടവർ മറ്റു ജാതികളിൽപ്പെട്ടവരെ വിവാഹം ചെയ്താൽ അത് മിശ്രവിവാഹമായി പരിഗണിക്കേണ്ടതില്ല" എന്ന് ഈ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഈ ഖണ്ഡികമൂലം മിശ്രവിവാഹിതരായ ആളുകൾക്കും അവരുടെ കുട്ടികൾക്കും ഒട്ടനവധി ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, തീർച്ചയായും. ഈയൊരു വിഷയം നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് ചില വിവാദങ്ങളും സംവാദങ്ങളും ഇടക്കാലത്ത് ഉണ്ടായതുകൂടി പരിശോധിക്കപ്പെടേണ്ടതാണ്. ഈ സാഹചര്യത്തിൽ മിശ്രവിവാഹം മതേതര സൃഷ്ടിയുടെ ഒരു പ്രയോഗവൽക്കരണം കൂടിയാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയും പിന്നീട് ഹൈക്കോടതിയും മിശ്രവിവാഹങ്ങൾ

പ്രോത്സാഹിപ്പിക്കണമെന്നൊരു പൊതുനിലപാടിലേയ്ക്ക് വന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒരു വിധി 2017 ഒക്ടോബർ 19-ൽ ഉണ്ടായി. കേരളംപോലെ പ്രബുദ്ധത കൈവരിച്ച സംസ്ഥാനത്ത് താൻ വിവാഹം കഴിച്ച കണ്ണൂർ സ്വദേശി ശ്രുതിയെ വിട്ടുകിട്ടാൻ കണ്ണൂർ പരിയാരം സ്വദേശി അനീഷ് ഹമീദ് നൽകിയ ഹർജിയിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയും ഈ നിരീക്ഷണങ്ങളും ഉണ്ടായത്. "ജാതി വ്യവസ്ഥ ഇന്ത്യയുടെ ശാപമാണ്. മിശ്രവിവാഹം ജാതിവ്യവസ്ഥയെ ഇല്ലാതാക്കുമെന്നുള്ളതിനാൽ മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി കൂട്ടിച്ചേർത്തുകൊണ്ട് പ്രണയ വിവാഹങ്ങളെ ലൗജിഹാദ്/ഘർ വാപസി എന്ന പേരുനൽകി വൈകാരികമായി കാണുന്നത് നടുക്കമുണ്ടാക്കുന്നു" എന്നാണ് കോടതിയുടെ നിരീക്ഷണം. ഒരു മിശ്രവിവാഹിതരായ കുടുംബത്തെ പ്രതികൂലമായി ബാധിക്കാൻ ഇത്തരത്തിലുള്ള പല വിഷയങ്ങൾ കടന്നുവരികയാണ്. ഈ പശ്ചാത്തലത്തിൽ വളരെ പ്രശസ്തമായി പറഞ്ഞിട്ടുള്ള കാര്യങ്ങളും ഇതിലുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, മിശ്രവിവാഹിതരായ ദമ്പതികൾക്ക് ജോലി ലഭിക്കുമ്പോൾ ആദ്യ നിയമന ഘട്ടത്തിൽ പരിഗണന നൽകുമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആദ്യ പരിഗണനയിൽ മാത്രമല്ല, പിന്നീട് അവർക്ക് ട്രാൻസ്ഫർ നടക്കുമ്പോൾ വിദൂര സ്ഥലങ്ങളിലേയ്ക്ക് അവരെ മാറ്റാതിരിക്കാനാവശ്യമായ നടപടികൂടി മിശ്രവിവാഹിതരായ ദമ്പതികളുടെ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കേണ്ടതല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

ശ്രീ. എം. രാജഗോപാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇക്കാര്യം വന്നിട്ടുണ്ട്. അദ്യപരിഗണന എന്നതിനോടൊപ്പം മറ്റുതലങ്ങളിലുംകൂടി പരിഗണിക്കണമെന്നുതന്നെയാണ് ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കുടുംബസംരക്ഷണ ബോർഡിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ ബില്ലിൽ ഞാൻ ഇത് ഉൾപ്പെടുത്താൻ കാരണം ബോർഡിന്റെ മുമ്പാകെ ലഭ്യമാകുന്ന ഏതൊരു അപേക്ഷയും പരിശോധിച്ച് അപേക്ഷകർക്ക് ആവശ്യമായ നിയമസഹായവും ധനസഹായവും സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയണം. അത് ഉറപ്പുവരുത്തണമെന്നതുകൊണ്ടാണ്

ഇങ്ങനെയൊരു നിർദ്ദേശം മുന്നോട്ടുവച്ചത്. അതുപോലെ ബഹുമാനപ്പെട്ട സുപ്രീം കോടതി, ബഹുമാനപ്പെട്ട ഹൈക്കോടതി, സംസ്ഥാനങ്ങളിലെ ട്രിബ്യൂണലുകൾ തുടങ്ങി സംസ്ഥാനതലത്തിൽ വരുന്ന മുഴുവൻ കേസ്സുകളിലും അതിവിദഗ്ദരായ അഭിഭാഷകരെ നിർദ്ദേശിക്കാനും കേസ്സുകൾ നടത്തുന്നതിനും ആവശ്യമായ നിയമോപദേശം നേടുന്നതിനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കുമെന്നുള്ളതാണ് രണ്ടാമത്തെ കാര്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കാം

ശ്രീ. എം. രാജഗോപാലൻ: സർ, സമൂഹത്തിൽ ഏതു ഭാഗത്തും മിശ്രവിവാഹിതർക്ക് അവശതയോ, സാമൂഹിക പിന്നോക്കാവസ്ഥ കാരണമോ, വിധവയായതുകൊണ്ടുള്ള പരിമിതിയിലോ, നീതിയോ, ക്ഷേമമോ ലഭിക്കാതെ വന്നതായി അറിവ് ലഭിച്ചാൽ സ്വമേധയാ പ്രസ്തുത വ്യക്തിക്ക് ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും അങ്ങനെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും അതിനെ മറികടക്കുന്നതിനും സഹായകമായ നിയമ പരിരക്ഷ ലഭിക്കുന്നതിനുമാണ് അതുമായി ബന്ധപ്പെട്ട്

ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ബില്ലിന്റെ പൊതു സ്പിരിറ്റിനെക്കുറിച്ച് ഗവൺമെന്റ് പരാമർശിച്ചിട്ടുണ്ടെങ്കിലും തീർച്ചയായും ഈ ബിൽ തുടർചർച്ചയ്ക്ക് വയ്ക്കുന്നത് അനിവാര്യമാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(v) 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

ശ്രീമതി ഒ. എസ്. അംബിക: 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാനത്തെ പതിനാല് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഏകോപനത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി സംസ്ഥാനതലത്തിൽ അപ്പെക്സ് കൗൺസിൽ

രൂപീകരിക്കണമെന്നാണ് ശ്രീമതി ഒ. എസ്. അംബികയുടെ ബില്ലിലെ ശുപാർശ. ബഹുമാനപ്പെട്ട അംഗം അത് ഇവിടെ സൂചിപ്പിച്ചു. സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്താനും പ്രാദേശിക തലത്തിൽ ഏകോപന സംവിധാനം ഏർപ്പെടുത്താനും ലക്ഷ്യമിട്ടാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രൂപീകരിച്ചത്. തുടർന്ന് എല്ലാ ജില്ലകളിലും അതാത് ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ഡി.റ്റി.പി.സി.-കൾ രജിസ്റ്റർ ചെയ്യപ്പെട്ടു. നിലവിൽ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിലുള്ള പതിനാല് ഡി.റ്റി.പി.സി.-കളും സ്വയംഭരണ സ്ഥാപനങ്ങളായാണ് പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ നിയമന-സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിൽ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. ഒന്നിലേറെ ഡി.റ്റി.പി.സി-കളുടെ ഏകോപനത്തിനും മതിയായ മാർഗ്ഗനിർദ്ദേശത്തിനും മേൽനോട്ടത്തിനും വിനോദസഞ്ചാര വകുപ്പും ഡയറക്ടറേറ്റും ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. മാത്രവുമല്ല ബില്ലിൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ ലോകസഭ, നിയമസഭ അംഗങ്ങളായി വരുന്ന അപ്പെക്സ് കൗൺസിലിന്റെ അതേ ഘടനയാണ് നിലവിൽ ഡി.റ്റി.പി.സി.-കളുടെ ഭരണസമിതി രൂപീകരണത്തിൽ

പിന്തുടരുന്നത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീമതി ഒ. എസ്. അംബിക നോട്ടീസ് നൽകിയ അനൗദ്യോഗിക ബില്ലിന് അവതരണാനുമതി നിഷേധിക്കാവുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: 2021-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ സ്വകാര്യ ബിൽ സഭയുടെ അനുവാദത്തിനായി അവതരിപ്പിക്കുകയാണ്. സംസ്ഥാന ദേശീയ ടൂറിസം വികസനത്തിനായി 1988-ൽ രൂപീകരിച്ച ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഇപ്പോഴും ശൈശവ ദിശയിലാണ്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. പല ജില്ലകളിലും സേവന വേതന വ്യവസ്ഥകൾ നിലവിൽ വ്യത്യസ്തമാണ്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഏകോപനമില്ല. പ്രോജക്ടുകൾക്ക് കേന്ദ്ര സംസ്ഥാന ഫണ്ട് ലഭിക്കുന്നുണ്ടെങ്കിലും സാധ്യതയ്ക്കനുസരിച്ച് ഉപയോഗിക്കുന്നില്ല. കേരളം ദൈവത്തിന്റെ സ്വന്തം നാടെന്നാണ് അറിയപ്പെടുന്നത്. അനധികമായ പ്രകൃതി സൗന്ദര്യമാണ് കേരളത്തിന്റെ മുഖമുദ്ര. ഈ സൗന്ദര്യവും കാലാവസ്ഥയും നമ്മുടെ നാടിന്റെ

സംസ്കാരവും അടുത്തറിയുന്നതിനും ആസ്വദിക്കുന്നതിനുമായി നിരവധി വിദേശ/സ്വദേശ സഞ്ചാരികൾ വർഷംതോറും നമ്മുടെ നാട് സന്ദർശിക്കാനെത്തുന്നു. കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് തികച്ചും അനുയോജ്യമായ വ്യവസായമാണ് ടൂറിസം. പ്രശ്നങ്ങളില്ലാതെ, Smokeless Industry എന്നറിയപ്പെടുന്ന ടൂറിസത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചുവരുന്നത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളാണ്. 1986-ൽ ടൂറിസം സാധ്യതകൾക്കായി വിഭാവന ചെയ്യപ്പെട്ട ചാരിറ്റബിൾ ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ 14 ജില്ലകളിലും മാതൃകാപരമായി പ്രവർത്തിച്ചുവരുന്നു. വിദേശ/സ്വദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും കേന്ദ്ര/സംസ്ഥാന ടൂറിസം വകുപ്പുകൾ നടത്തുന്ന മുഴുവൻ പദ്ധതികളും ഓണാഘോഷ ഉത്സവ ഗ്രാന്റ് പരിപാടികൾ, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ തുടങ്ങിയ ഏത് പദ്ധതികളും നടപ്പിലാക്കുന്നതിന് നിസ്തുലമായ പങ്കുവഹിക്കുകയാണ് DTPC. G.O.(P) No. 254/88/GAD dated 28-07-1988 എന്ന ഉത്തരവ് പ്രകാരം സംസ്ഥാന ടൂറിസം പ്രൊമോഷൻ കൗൺസിലെന്ന നാമകരണത്തിൽ സർക്കാർ ഉത്തരവിറക്കുയുണ്ടായി.

പക്ഷേ, അത് നടപ്പിലായില്ല. നടപ്പിലാക്കേണ്ട പ്രാധാന്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

നമ്മുടെ രാജ്യത്ത് വിരുന്നിനെത്തുന്ന സഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ലഭിക്കുന്ന ഊഷ്മളതയാർന്ന പെരുമാറ്റത്തിലൂടെയാണ് അവർ നമ്മെക്കുറിച്ച് മനസ്സിലാക്കുന്നത്. നമ്മുടെ നാടിന്റെ മുഖമായും നമ്മൾ ഓരോരുത്തരുടെയും പ്രതിനിധിയായും പകരക്കാരനായും ചുമതല നിർവ്വഹിക്കുന്നത് ഡി.റ്റി.പി.സി.-കളിലെ ജീവനക്കാരാണ്. സംസ്ഥാനത്താകെ 483 സ്ഥിരജീവനക്കാരും 89 ദിവസവേതന ജീവനക്കാരും 67 ക്ലീൻ ഡെസ്റ്റിനേഷൻ ജീവനക്കാരും ചുമതല നിർവ്വഹിച്ചുപോരുന്നു. ഇവരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. സർക്കാർ അനുശാസിക്കുന്ന യാതൊരുവിധ ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. തികഞ്ഞ ആത്മാർത്ഥതയോടെയും ചിരിച്ച മുഖത്തോടെയും സഞ്ചാരികളെ നമ്മുടെ നാട്ടിലേയ്ക്ക് സ്വാഗതം ചെയ്യുമ്പോഴും യാത്രയാക്കുമ്പോഴും ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിച്ചേർക്കാൻ കഴിയുന്നത്ര വരുമാനം ലഭിക്കാനുള്ള അവസരം അവർക്ക് നൽകാൻ സമൂഹത്തിന് ഉത്തരവാദിത്തമുണ്ട്. ഡി.റ്റി.പി.സി.

താല്കാലിക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ച് മാന്യമായ വേതനം ലഭ്യമാക്കണം. സംസ്ഥാന തലത്തിൽ ടൂറിസം വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വ്യവസായത്തിലൂടെ സംസ്ഥാനത്തെ ഓരോ പൗരനും വരുമാനം ഉറപ്പാക്കുന്ന തരത്തിൽ വ്യത്യസ്തമായ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്ത് കൂടുതൽ സഞ്ചാരികളെ ആകർഷിച്ച് ജനകീയമാക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിച്ച് സംസ്ഥാനതല കൗൺസിൽ രൂപീകരിക്കണം. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിക്കണം. ടൂറിസം പ്രൊമോഷൻ കൗൺസിലിന് ലഭിക്കുന്ന മുഴുവൻ വരുമാനവും സർക്കാരിന്റെ വരുമാനമായി ട്രഷറിയിലെത്തിച്ച് സാമ്പത്തിക സാധ്യത കണ്ടെത്തണം. വിവിധ ജില്ലകളിലെ ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി പുതിയതും ആകർഷകവുമായ ടൂറിസം സർക്യൂട്ടുകൾ രൂപപ്പെടുത്തിയാൽ സംസ്ഥാനത്തിന് പുതിയ സഞ്ചാരികളെ ആകർഷിക്കാൻ കഴിയും. ഇത്തരത്തിൽ മെച്ചപ്പെട്ട സംവിധാനങ്ങളും സൗകര്യങ്ങളും ടൂറിസ്റ്റുകൾക്ക്

ലഭ്യമാക്കിയാൽ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നൽകിവരുന്ന സേവനങ്ങളും ഗുണനിലവാരവും ഉയർത്താൻ കഴിയും. സംസ്ഥാന തലത്തിൽ ടൂറിസം വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ കഴിയും. സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. തുടർ ചർച്ചയ്ക്കായി പ്രസ്തുത ബിൽ മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

3. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർചർച്ച:

2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ അവതരിപ്പിച്ച 2021-ലെ കേരള അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന് വളരെ അനുകൂലമായ ചർച്ചയും അഭിപ്രായവുമാണ് സമൂഹത്തിൽ

ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ അതിഥി തൊഴിലാളികൾ അസംഘടിത മേഖലയിലും സംഘടിത മേഖലയിലും നിരവധി ജോലികൾ ചെയ്ത് മുന്നേറുന്നവരാണ്. തൊഴിൽ മേഖലയിൽ അവരില്ലാതെ നമുക്കിനി മുന്നോട്ടുപോകാൻ കഴിയില്ല. പ്രത്യേകിച്ച്, നമ്മുടെ ഹോട്ടൽ വ്യവസായങ്ങൾ ഇപ്പോൾ അടഞ്ഞുകിടക്കുകയാണെങ്കിലും ഈ മേഖലയിലെ തൊഴിലാളികൾ, അത് ഫൈവ് സ്റ്റാർ, സെവൻ സ്റ്റാർ, സാധാരണ ഹോട്ടലുകൾ എന്നിവിടങ്ങളിലെല്ലാം മറ്റ് സംസ്ഥാനങ്ങളിലുള്ള ആൾക്കാരാണെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. തടി വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികളെ ആശ്രയിച്ച് മുന്നോട്ടുപോകുന്ന സ്ഥലമാണ് കേരളം. പൈനാപ്പിൾ മേഖലയിലും ഇടുക്കി ജില്ലയിലെ തേയിലത്തോട്ടങ്ങളിലും ജോലി ചെയ്യുന്ന ആളുകൾ അയൽ സംസ്ഥാന തൊഴിലാളികളായി എന്നുള്ളതാണ് യാഥാർത്ഥ്യം. പക്ഷെ, ഇവരുടെ ജോലിക്ക് സ്ഥിരതയില്ലാതെ പോകുന്നു. കൃഷിക്കും മറ്റ് കാര്യങ്ങൾക്കുമൊക്കെ നമ്മൾ ഇവരെ ആശ്രയിക്കുന്നതുകൊണ്ട് നമ്മുടെ നാട്ടിൽ ഇത്തരം തൊഴിലാളികൾ ഇല്ലെന്നുള്ള അവസ്ഥയാണ്. സ്വാഭാവികമായും ഈ അവസ്ഥയുള്ളതുകൊണ്ട് ഇവരെ കൂടുതലായി

ജോലിക്ക് കിട്ടുന്ന സാഹചര്യം ഇല്ലാതെപോകുന്നു എന്നുള്ളത് വസ്തുതയാണ്. ജോലി സ്ഥിരതയുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച്, പെരുമ്പാവൂരിലെ പ്ലൈവുഡ് മേഖലയിൽ നൂറ്റിയമ്പതോളം അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് മറ്റൊരു സ്ഥലത്ത് കൂടുതൽ ശമ്പളം ലഭിക്കുന്ന ജോലിക്ക് സാധ്യത വരുമ്പോൾ അവർ ജോലിചെയ്തിരുന്നിടത്തുനിന്ന് ആരോടും പറയാതെ പോകുന്ന സ്ഥിതിവിശേഷമുണ്ട്. ഇവിടെ കൃത്യമായി രജിസ്ട്രേഷൻ സൗകര്യങ്ങളില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഏകദേശം 40 ലക്ഷം അതിഥിത്തൊഴിലാളികൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ലക്ഷക്കണക്കിന് തൊഴിലാളികൾ ഇപ്പോഴും രജിസ്റ്റർ ചെയ്യാത്ത സാഹചര്യമുണ്ട്. ആ സാഹചര്യങ്ങൾ കുറച്ചുകൊണ്ടുവരാൻ ഇവരെ രജിസ്റ്റർ ചെയ്യിക്കേണ്ടതിനും ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടതിനും വളരെയധികം പ്രാധാന്യമുണ്ട്. ഏകദേശം ഒന്നര ലക്ഷത്തോളം അതിഥി തൊഴിലാളികളുള്ള പ്രദേശമാണ് പെരുമ്പാവൂർ മേഖല. എറണാകുളം ജില്ലയിൽത്തന്നെ ലക്ഷക്കണക്കിന് അതിഥി തൊഴിലാളികളുണ്ട്. സംസ്ഥാനത്ത് ഒട്ടനവധിയാളുകൾ ഈ മേഖലയിൽ ജോലി ചെയ്യാനായി കടന്നുവരുന്നുണ്ട്. ഇവരുടെ ജീവിതത്തിന്

സുരക്ഷയില്ല. അവരുടെ ജീവിതനിലവാരം വർദ്ധിപ്പിക്കാനോ സർക്കാർ മേഖലയിൽ അവർക്കാവശ്യമായ സംരക്ഷണം നൽകാനോ സാധിക്കുന്നില്ല. കൃത്യമായ രജിസ്ട്രേഷൻ ഇല്ലെന്നുള്ളത് ഒരു പാകപ്പിഴ തന്നെയാണ്. അതിഥി തൊഴിലാളികളായി വരുന്ന 70 ശതമാനത്തോളം ആളുകളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. അവരുടെ കുടുംബത്തിന്റെ ശോചനീയാവസ്ഥമൂലമാണ് ഇങ്ങോട്ടുവരുന്നത്. അവർ ചൂഷണത്തിന് വിധേയരാകുന്നുണ്ടോ; കൃത്യമായ രീതിയിൽ മെഡിക്കൽ സഹായം കിട്ടുന്നുണ്ടോ; സാമ്പത്തിക സഹായമുണ്ടോ; സുസ്ഥിരമായ ജോലി നൽകാൻ കഴിയുന്നുണ്ടോ എന്നിങ്ങനെ ഈ മേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണ്. ആ സാഹചര്യത്തിലാണ് അതിഥി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒട്ടേറെ ക്ഷേമനിധി ബോർഡുകളുണ്ടെങ്കിലും ഈ മേഖലയിൽ വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു ബില്ലിന്റെ അഭാവമുണ്ടെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽവരേണ്ടത് ആവശ്യമാണ്. അതിഥി തൊഴിലാളി എന്ന് പറയുന്നതുപോലും തെറ്റാണ്. ഇന്ത്യയിലെ എല്ലാവരെയും

തൊഴിലാളികളായി കാണണമെന്ന രീതിയിലുള്ള ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും ഇന്ത്യാക്കാരൻ എന്ന നിലയിലുള്ള ബഹുമാനം അവർക്ക് നൽകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അങ്ങനെ ബഹുമാനം നൽകേണ്ട സാഹചര്യമുള്ളതുകൊണ്ട് ക്ഷേമനിധി ബോർഡ് രൂപീകൃതമായാൽ അതിലൂടെ ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കേരളത്തിൽ അതിഥിത്തൊഴിലാളികൾക്ക് നൽകുന്ന പരിഗണനയും സംരക്ഷണവും ഇന്ത്യാരാജ്യത്തെ മറ്റൊരു സംസ്ഥാനങ്ങളിലും ഇല്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർചർച്ചയ്ക്കായി മൂന്ന് അംഗങ്ങളാണ് നോട്ടീസ് നൽകിയിട്ടുള്ളത്. കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് 20 മിനിട്ടാണ് അനുവദിച്ചിരിക്കുന്നത്. സഭയുടെ അംഗീകാരത്തോടെ മൂന്നുപേർക്കുംകൂടി സമയം വിഭജിച്ച് നൽകാവുന്നതാണ്. അങ്ങേയ്ക്ക് ഇനി രണ്ട് മിനിറ്റുകൂടിയുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തീർച്ചയായും ഇവിടെ സൂചിപ്പിച്ചതുപോലെ  മലയാളികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ അർഹമായ രീതിയിലുള്ള പ്രാധാന്യവും ബഹുമാനവും കിട്ടുന്നുണ്ടോ എന്നാണ്

ബഹുമാനപ്പെട്ട അംഗം ചോദിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. അവർക്ക് വിവേചനരഹിതമായി ജോലി ചെയ്യണമെങ്കിൽ, അംഗീകാരം കിട്ടണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യാൻ വരുന്ന തൊഴിലാളികൾക്ക് കൂടുതൽ സംരക്ഷണവും ബഹുമാനവും കൊടുക്കുമ്പോൾ അതേ അർത്ഥത്തിൽത്തന്നെ ബഹുമാനവും ആദരവും മലയാളികൾക്കും ലഭിക്കും. ലക്ഷക്കണക്കിന് മലയാളികളാണ് പ്രവാസികളായി ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നത്. അവർക്ക് കൊടുക്കുന്ന ആദരവായികൂടി ഇത് മാറുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിഥി തൊഴിലാളികളുമായി ബന്ധപ്പെട്ട് പുതുതായി എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ് ഞാൻ ചോദിക്കുന്നത്. ദീർഘകാലമായി കേരളത്തിൽ വന്ന് ജോലി ചെയ്ത് ഇവിടെത്തന്നെ ജീവിക്കാൻ തീരുമാനിച്ച നൂറുകണക്കിന് കുടുംബങ്ങളുണ്ട്. അവർ അതിഥി തൊഴിലാളികൾ എന്ന ബ്രാക്കറ്റിൽ വന്ന് പിന്നീട് ആ ബ്രാക്കറ്റിൽനിന്നും പുറത്തിറങ്ങി കേരളീയനോ മലയാളിയോ ആയി അടുത്ത തലമുറ വരുന്ന സിറ്റുവേഷൻ കൺസീവ് ചെയ്തിട്ടുണ്ടോ; അവരെ എങ്ങനെ ഡീൽ ചെയ്യണമെന്നാണ് ബില്ലിൽ പരാമർശിക്കുന്നത്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഡോ. മാത്യു കുഴൻനാടൻ സൂചിപ്പിച്ചതുപോലെ, തീർച്ചയായും അത്തരം പ്രശ്നങ്ങൾകൂടി ഇവിടെ നിലനിൽക്കുന്നുണ്ട്. പെരുമ്പാവൂരിൽത്തന്നെ പണ്ട് അതിഥി തൊഴിലാളിയായി വന്ന് ഇവിടെ ബിസിനസ് നടത്തി വളർന്നുവന്നവരുണ്ട്. ആ സാഹചര്യംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഭാവിയിൽ അതിഥി തൊഴിലാളി എന്നതിലെ അതിഥി മാറ്റേണ്ടിവരും. ഇപ്പോൾ പൊതുവിൽ മറ്റ് സംസ്ഥാനങ്ങളിലുള്ള തൊഴിലാളികൾക്ക് ബഹുമാനം കൊടുക്കാൻകൂടി ഈ ബിൽ ആവശ്യമാണ്. തുടർചർച്ചയ്ക്കായി പ്രസ്തുത ബിൽ മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി.ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലിചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. പി. എസ്. സുപാൽ: സർ, വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രശ്നമാണ് കഴിഞ്ഞ ദിവസം ഞാൻ ബില്ലിലൂടെ അവതരിപ്പിച്ചത്. വളരെയധികം വിപുലമായിക്കൊണ്ടിരിക്കുന്ന മേഖല എന്നതരത്തിൽ ഈ മേഖലയുടെ പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഡെലിവറി ബോയ്സ് എന്നാണ് അവരെ വിളിക്കുന്നത്. ആ ചെറുപ്പക്കാരുടെ സേവനം നമ്മുടെ സങ്കല്പങ്ങൾക്കുമപ്പുറമാണ്. അവരെ ഏല്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതോടൊപ്പം എല്ലാവർക്കും ആശ്വാസമുണ്ടാകുന്ന തരത്തിലുള്ള സാഹചര്യങ്ങൾപോലും രൂപപ്പെടുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നമ്മുടെ സംസ്ഥാനത്തെ സാഹചര്യം നമുക്കറിയാം, ഒറ്റപ്പെട്ടുതാമസിക്കുന്ന കുടുംബങ്ങളിൽ പ്രായമായ ധാരാളം ആളുകളുണ്ട്. മക്കളോ ബന്ധുക്കളോ സഹായത്തിനായി അടുത്തില്ലാത്ത ധാരാളം ആളുകളുണ്ട്. പുറത്തുപോകാൻ കഴിയാതെ അവശതയനുഭവിക്കുന്ന ഇത്തരം ആളുകൾ ഭക്ഷണകാര്യത്തിനും മരുന്ന് ലഭ്യമാക്കുന്നതിനും വാതിൽപ്പടി സേവനരംഗത്ത് പ്രവർത്തിക്കുന്നവരെ ധാരാളമായി ആശ്രയിക്കുന്നുണ്ട്. അത്തരം ആളുകളെ സഹായിക്കുന്ന പ്രവർത്തനങ്ങൾകൂടി ഡെലിവറി ബോയ്സ് എന്ന വിഭാഗത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. നിരന്തരമായ സമ്പർക്കത്തിലൂടെ വളർന്നുവരുന്ന ആത്മബന്ധംവഴി അടിയന്തരഘട്ടങ്ങളിൽ വയോജനങ്ങളുടെ കാര്യത്തിൽ ഇടപെടുകയും അവരെ സഹായിക്കുകയും ചെയ്യുന്ന സാഹചര്യങ്ങൾ ഇന്ന് സർവ്വസാധാരണമാണ്. പല വീടുകളിലും ഒറ്റപ്പെട്ടവർക്ക് ആശ്വാസവും

സ്നേഹവും കൈത്താങ്ങുമായി ഡെലിവറി ബോയ്സ് എന്ന് വിളിപ്പേരുള്ള ഈ മേഖലയിലെ തൊഴിലാളികൾ പ്രവർത്തിക്കുന്നു. വളരെ ക്ലേശകരവും അപകടകരവുമായ സാഹചര്യങ്ങളിലാണ് അവർ ജോലി ചെയ്യുന്നത്. അവർക്ക് കൃത്യമായ ജോലി സമയം നിശ്ചയിച്ചിട്ടില്ല. അതെല്ലാം ജോലി ചെയ്യിക്കുന്ന കമ്പനികളാണ് തീരുമാനിക്കുന്നത്. 8 മണിക്കൂർ ജോലിയെന്ന് നമ്മൾ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും 12 മണിക്കൂറും അതിൽ കൂടുതൽ സമയവും അവർക്ക് ജോലി ചെയ്യേണ്ടിവരും. 12 മണിക്കൂറിലധികം ജോലി ചെയ്യുമ്പോൾപോലും അവർക്ക് അർഹമായ വേതനം നൽകുന്നില്ലായെന്നുള്ളതാണ് ഖേദകരമായ കാര്യം. ഇരുചക്രവാഹനങ്ങളിലാണ് അവർക്ക് യാത്ര ചെയ്യേണ്ടി വരുന്നത്. മഴയെന്നോ വെയിലെന്നോ നോക്കാതെയാണ് അവർ അവരുടെ ജോലിയുടെ ഭാഗമായി ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. 60 മുതൽ 75 കിലോമീറ്റർ വരെ വേഗത്തിൽ അവർക്ക് യാത്ര ചെയ്യേണ്ടിവരും. കാരണം ഒരു സിംഗിൾ ഡെലിവറിക്ക് ഏകദേശം 30 മിനിറ്റുമുതൽ 1 മണിക്കൂർ വരെ സമയം നൽകുന്നുണ്ടെങ്കിലും വരുമാനം നൽകുന്നത് ഡെലിവറിയുടെ എണ്ണത്തിന് ആനുപാതികമായാണ്. ഒരു ഡെലിവറി കഴിഞ്ഞ് അടുത്ത

ഡെലിവറിക്കുവേണ്ടി വളരെ വേഗത്തിൽ പോകേണ്ടിവരും. ഓർഡർ യഥാസമയം എത്തിച്ചില്ലെങ്കിൽ കമ്പനിയുടെയും കൃത്യസമയത്ത് കിട്ടിയില്ലെങ്കിൽ അത് ഓർഡർ ചെയ്യുന്ന ആളുകളുടെയും ശകാരം കേൾക്കേണ്ടിവരും.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വാതിൽപ്പടി സേവനരംഗത്തെ സംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചതുപോലെ, ഓൺലൈനിൽ ഫുഡ് ഓർഡർ ചെയ്യുമ്പോൾ നിശ്ചിത സമയത്ത് എത്തുമെന്ന് പറഞ്ഞിട്ട് അത് വൈകി എത്തുകയാണെങ്കിൽ അവർക്ക് പണം അടയ്ക്കേണ്ടതില്ല. എറണാകുളം ജില്ലയിലും ഇതുപോലുള്ള സാഹചര്യമുണ്ട്. അങ്ങനെ പണം കൊടുക്കാതെ വരുമ്പോൾ ഈ പണം സേവനരംഗത്ത് നിൽക്കുന്ന ആളുകളിൽനിന്ന് ഹോട്ടലുകൾ ഈടാക്കാനുള്ള സാധ്യതയുണ്ട്. പ്രത്യേകിച്ച് കോവിഡിന്റെ പശ്ചാത്തലത്തിലും ഇവർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. ഭക്ഷ്യമേഖലയിലും മറ്റെല്ലാ മേഖലയിലും ഓൺലൈൻ ബിസിനസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. കൂടാതെ മറ്റൊരു പ്രതിസന്ധിയെന്നുപറയുന്നത്, ഓൺലൈൻ ബിസിനസ്വഴി വസ്ത്രവ്യാപാരം നടത്തുന്ന ഒട്ടേറെ സ്ത്രീകൾ

കേരളത്തിലുണ്ട്. ഇവർ കൊറിയർ സർവ്വീസിലൂടെ സാധനങ്ങൾ അയച്ചുകൊടുക്കും. ചില കൊറിയർ സർവ്വീസുകൾ കൃത്യമായി സാധനങ്ങൾ എത്തിക്കുന്നില്ല. എന്റെ മണ്ഡലത്തിലും ഇതുപോലുള്ള സാഹചര്യമുണ്ടായി. ഇത്തരം സാഹചര്യങ്ങളൊക്കെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ഡെലിവറി ബോയ്സ് ധാരാളം പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് അപകടത്തിലേയ്ക്കുവരെ അവരെ കൊണ്ടുചെന്നെത്തിക്കുകയാണ്.

ശ്രീ. വാഴൂർ സോമൻ: സർ, ജെൻഡർ ഇക്വാളിറ്റിക്കുവേണ്ടി നിലകൊള്ളുന്ന പൊതുസമൂഹമാണ് നമ്മുടേത്. അങ്ങ് അവതരിപ്പിച്ച ബില്ലിൽ ഡെലിവറി ബോയ്സ് എന്നാണ് പറയുക. ധാരാളം വനിതകളും ഈ രംഗത്ത് തൊഴിലെടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട സുഹൃത്ത് പറയുകയുണ്ടായി. അത്തരമൊരു സാഹചര്യത്തിൽ അങ്ങയുടെ ബില്ലിൽ വന്നിട്ടുള്ള ഡെലിവറി ബോയ്സ് എന്ന പരാമർശം മാറ്റി മറ്റെന്തെങ്കിലും ഒരു പേര് നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. സുപാൽ: സർ, അങ്ങ് തെറ്റിദ്ധരിച്ചതാണ്. 2021-ലെ കേരള സംസ്ഥാന വാതിൽപ്പടി സേവനരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള

ക്ഷേമനിധി ബില്ലാണ് ഞാൻ അവതരിപ്പിക്കുന്നത്. എല്ലാ വിഭാഗവും അതിൽ ഉൾപ്പെടുന്നതാണ്. ഞാൻ ഡെലിവറി ബോയ്സ് എന്ന് പറഞ്ഞന്നേയുള്ളൂ. ധാരാളം പെൺകുട്ടികളടക്കം പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്. പൊതുവായ ആ കാഴ്ചപ്പാടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

## 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ലോകാരോഗ്യസംഘടനയുടെ കുടിവെള്ളം സംബന്ധിച്ച മാനദണ്ഡത്തിൽ വ്യക്തമായ ചില നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. എന്നാൽ പല രാജ്യങ്ങളും കാലാവസ്ഥ, ഭൂപ്രകൃതി, മറ്റ് സാഹചര്യങ്ങളൊക്കെ കണക്കിലെടുത്ത് ശുദ്ധജല ലഭ്യതയ്ക്കായി അതാത് രാജ്യങ്ങളുടേതായ ചില പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും വരൾച്ചയുംമൂലം ശുദ്ധജലം ലഭ്യമല്ലാത്ത ഒട്ടേറെ സാഹചര്യങ്ങളുണ്ട്.

കേരളത്തെ സംബന്ധിച്ച് ശുദ്ധജലം ലഭ്യമാക്കാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ടെങ്കിലും അനുദിനം, അനുനിമിഷം നമ്മുടെ ജലസ്രോതസ്സുകൾ വൻതോതിൽ മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിന് അറുതിവരുത്താത്തിടത്തോളം നമുക്ക് ശുദ്ധജലം എന്നുള്ളത് വലിയൊരു കിട്ടാക്കനിയായി മാറുമെന്നുള്ളതിൽ സംശയമില്ല. അപ്പോൾ അതിനുള്ള ആസൂത്രണവും മാനേജ്മെന്റും അത്യാവശ്യഘടകങ്ങളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നഗരവൽക്കരണത്തെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളും ജനസംഖ്യാ വിസ്ഫോടനവും ഈ മേഖലയിൽ ശുദ്ധജല ലഭ്യത വളരെ കുറച്ചുകൊണ്ടുവന്നിരിക്കുകയാണ്. ഉള്ള ജലംതന്നെ സംസ്കരിക്കുന്ന രീതി അശാസ്ത്രീയവും വളരെ പഴക്കംചെന്നിട്ടുള്ളതുമാണ്. അതിന് മാറ്റം വരേണ്ടതുണ്ട്. ഈ ജലത്തിൽ മലം കലരുന്നതുമൂലം ഏറ്റവും ഫലപ്രദമായ പല മാർഗ്ഗങ്ങളും ......

ശ്രീ. നജീബ് കാന്തപുരം: സർ, ശുദ്ധജല ലഭ്യത ഉറപ്പാക്കുന്ന സമയത്തുതന്നെ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രതിസന്ധിയെന്നുപറയുന്നത് കുഴൽക്കിണറുകളുടെ നിർമ്മാണമാണ്. അത് നിയന്ത്രിക്കാൻ എന്തെങ്കിലും ശിപാർശയുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, തീർച്ചയായും അടിയന്തരമായി നിയന്ത്രിക്കേണ്ടതുതന്നെയാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കുഴൽക്കിണറുകളെ സംബന്ധിച്ച് ചില ഉദാഹരണങ്ങൾ കഴിഞ്ഞ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറയുകയുണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാത്രമല്ല, കുഴൽക്കിണറിലെ വെള്ളം കുടിക്കുന്നതുകൊണ്ട് കിഡ്നി, കരൾ സംബന്ധമായ രോഗങ്ങൾ വളരെ ഗുരുതരമായി ബാധിക്കുന്നുവെന്ന് ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടുണ്ട്. എല്ലാ കുഴൽക്കിണറുകളിലെയും വെള്ളം കുടിക്കാൻ ഉപയോഗിക്കാൻ കഴിയില്ല. ഏറ്റവും ചുരുങ്ങിയത്, തിളപ്പിച്ചാറ്റിയ വെള്ളമെങ്കിലും കുടിക്കേണ്ടതാണ്. അതിനകത്തുള്ള പല മൂലകങ്ങളും ഗുരുതരമായ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നതാണെന്നും കണ്ടെത്തിയിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ, കൊച്ചിൻ യൂണിവേഴ്സിറ്റി 1980 മുതൽ എൻവയോൺമെന്റ് സ്റ്റഡീസ് ആരംഭിച്ചിട്ടുണ്ട്. അവിടെനിന്ന് അയ്യായിരത്തിൽപ്പരം ആളുകൾ ഇതുവരെ ബിരുദവും ബിരുദാനന്തരബിരുദവും വാങ്ങി പുറത്തുവന്നിട്ടുണ്ട്. എന്നാൽ ശുദ്ധജലം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ടോ ജലവിതരണവുമായി ബന്ധപ്പെട്ടോ ഇവരെ ഇന്നുവരെ ഉപയോഗപ്പെടുത്തുന്ന കാര്യം

ആലോചിച്ചിട്ടില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വെള്ളം കൊടുക്കുന്ന ആലുവ പ്ലാന്റിന്റെ ശുദ്ധീകരണവുമായി ബന്ധപ്പെട്ട് കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ എൻവയോൺമെന്റ് സ്റ്റഡീസിന്റെ ഒരു മേൽനോട്ടച്ചുമതല ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ പ്രയോജനകരമായിരിക്കും എന്നാണ് എന്റെ അഭിപ്രായം. ശാസ്ത്രീയമായി ധാരാളം പഠനങ്ങൾ നടത്തുന്നുണ്ട്. നമ്മൾ ശുദ്ധജലം ശുദ്ധീകരിക്കാൻവേണ്ടി കുറെ കുമ്മായം ഇടുക മാത്രമാണ് ചെയ്യുന്നത്. ഇന്ന് അതിനെ അതിജീവിച്ച് ധാരാളം രോഗാണുക്കൾ പടർന്നുവരുന്നതിനാൽ വളർന്നുവരുന്ന കുഞ്ഞുങ്ങൾക്കുവേണ്ടിയും ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും വരാൻപോകുന്ന തലമുറയ്ക്കുവേണ്ടിയും ശുദ്ധജലം ഉറപ്പാക്കുക എന്നുള്ളതാണ് അനിവാര്യം. ആയതിനാൽ ഈ രംഗത്ത് ശക്തമായ നിലപാടുകൾ സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതല്ലെങ്കിൽ വലിയ ദുരന്തങ്ങൾ സംഭവിക്കാനിടയുണ്ട്. കിഡ്നി രോഗികളുടെ എണ്ണം ദിവസംതോറും വർദ്ധിക്കുകയാണ്. കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നത്. അതിന്റെ പ്രധാന കാരണങ്ങളിലൊന്ന്, ജലത്തിലടങ്ങിയിരിക്കുന്ന പല മൂലകങ്ങളും മൂലമുണ്ടാകുന്ന ഗുരുതരമായ പ്രശ്നമാണ്. കുഴൽക്കിണർ വെള്ളമൊക്കെ അതിനൊരു പ്രധാന

കാരണമാണ്. ശുദ്ധജലം എന്നത് ഒരു പൗരന്റെ മൗലികമായ അവകാശമായി മാറ്റുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ നാളത്തെ തലമുറയ്ക്ക് ഇവിടെ നിലനിൽക്കാൻ കഴിയുകയുള്ളൂ. ഏത് ശുദ്ധജല പ്ലാന്റുകളും അതിന്റെ സംഭരണികളും അതിന്റെ വിതരണ സിസ്റ്റവും പരിശോധിച്ചാൽ പൈപ്പിൽ വിള്ളൽ വീണതായും വെള്ളം ഇല്ലാത്ത സമയത്ത് ആ വിള്ളലിലൂടെ ചെളി പൈപ്പിലേയ്ക്ക് വരുന്നതായും മനസ്സിലാക്കാൻ കഴിയും. വെള്ളം പമ്പ് ചെയ്യുന്ന സമയത്ത് ഇത് മുഴുവൻ വീടുകളിലെത്തും. ഇത് ഗുരുതരമായ പ്രശ്നമാണ്. ആ സിസ്റ്റമൊക്കെ ലോകത്തിന്റെ പലഭാഗത്തും വലിയതോതിൽ മാറിക്കഴിഞ്ഞു. ഇപ്പോഴും നമ്മൾ ആ പഴയ സിസ്റ്റവുമായി നിൽക്കുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കുടിവെള്ളം വില കൊടുത്ത് വാങ്ങേണ്ടിവരുമെന്ന് പണ്ടത്തെ ആളുകൾ ചിന്തിച്ചിട്ടുണ്ടാകില്ല. ഏറ്റവും കൂടുതൽ കുടിവെള്ളം ലഭ്യമാകുന്ന ഈ സാഹചര്യത്തിൽ കുടിവെള്ളം വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, 2021-22-ൽ കേന്ദ്രഗവൺമെന്റ്

ജൽജീവൻ മിഷൻവഴി 1,804 കോടി രൂപ ശുദ്ധജലം ലഭ്യമാകാൻ അനുവദിക്കുന്നുണ്ട്. 66 ലക്ഷത്തോളം വരുന്ന വീടുകളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയിൽ ശുദ്ധ ജലലഭ്യത ഉറപ്പാക്കുന്നത് സംബന്ധിച്ച വിഷയം പ്രധാനപ്പെട്ടതാണ്. ആയതിനാൽ മറ്റൊരു ദിവസത്തേയ്ക്ക് ഈ വിഷയം ചർച്ച ചെയ്യാവുന്നതാണ്. ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

മി. സ്പീക്കർ: ഓർഡർ...... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് മാസം 09-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

****************